MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

**FEBRUARY 2013**

Book : 34 Volume : 2

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം

1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3 ഇടയലേഖനം ........ 08
4 സർക്കുലർ ........ 11
5 സർക്കുലർ ........ 12
6 സർക്കുലർ ........ 13
7 എപ്പാർക്കിയൽ യൂത്ത് അസംബ്ലി: മാർഗ്ഗരേഖ ...... 15
8 തിരുബാലസഖ്യദിനം: സർക്കുലർ ........ 20
9 ലോകരോഗീദിനസന്ദേശം ........ 24
10 ബ്ലസ് എ ഹോം ........ 28
11 സഭാവാർത്തകൾ ........ 29
12 മതബോധനം ........ 31
13 സോഷ്യൽ ആക്ഷൻ ........ 34
പാക്സ് ........ 35
അവാർഡ് ........ 36
ബി.എൽ.എം. ........ 39
നവചൈതന്യ ........ 39
വൊക്കേഷൻ ബ്യൂറോ ........ 40
കരിസ്മാറ്റിക് മൂവ്മെന്റ് ........ 40
സാൻജോസദൻ ........ 41
സെന്റ് പോൾസ് മൈനർ സെമിനാരി ........ 42
സ്പിരിച്വാലിറ്റി സെന്റർ ........ 43
തിരുബാലസഖ്യം ........ 44
സി.എൽ.സി. ........ 45
14 ഇടയന്റെ നാളെകൾ ........ 46
15 ഇടയന്റെ ഇന്നലെകൾ ........ 47

# ഇടയശബ്ദം



*ഏറ്റവും സ്നേഹമുള്ള വൈദിക സുഹൃത്തുക്കളെ, പ്രിയ സമർപ്പിതരെ, മിശിഹായിൽ വാത്സല്യമുള്ള സഹോദരീസഹോദരൻമാരെ,*

'ഉണർന്ന് പ്രശോഭിക്കുവിൻ' എന്ന ആപ്തവാക്യവുമായി 2012 യുവജന വർഷമായി നാം ആചരിക്കുകയായിരുന്നു. ആത്മീയമായൊരു പ്രചോദനം നൽകുവാൻ ക്രിസ്തീയമായ കാഴ്ചപ്പാടുകൾ കൈമാറുവാൻ സാമൂഹികമായ ദിശാബോധം നൽകുവാൻ അതുവഴി യുവജനങ്ങളെ സഭയോടൊത്തു ചിന്തിക്കുവാനും സഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുവാനും യുവജനവർഷപരിപാടികൾ സഹായിച്ചു എന്നുള്ളതിൽ സന്തോഷമുണ്ട്. ഫെബ്രുവരി മാസത്തിൽ നടത്തുന്ന യുവജന അസംബ്ലിയും തുടർന്നുള്ള കാലഘട്ടത്തിൽ യുവജന ആനിമേഷൻ ലക്ഷ്യം വയ്ക്കുന്ന യൂത്ത് സെന്ററും പ്രായോഗികമാകുവാൻ നിങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുകയാണ്.

2013 ലഹരിവിമുക്ത വർഷമായി നാം ആചരിക്കുകയാണ്. ക്രിസ്തു തന്റെ ദൗത്യം ആരംഭിക്കുന്നിടത്ത് ഇപ്രകാരം പ്രവാചക വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പ്രഖ്യാപിക്കുന്നു. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്ക 4,18–19). ക്രിസ്തുവിന്റെ വിമോചനദൗത്യം സഭയിലൂടെ ഇന്നും തുടരുന്നു. സമഗ്രവിമോചനം മനുഷ്യന്റെ സമസ്തമേഖലകളിലും സാധ്യമാകുമ്പോഴാണ് കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കപ്പെടുന്നത്.

സംസ്കാരസമ്പന്നമെന്ന് അഭിമാനിക്കുന്ന നമ്മുടെ സ്വന്തം കേരളം ലഹരിയുടെ സ്വന്തം നാടായി മാറുമ്പോൾ, ലഹരിയുടെ സ്വാധീനം ജീവിതത്തിന്റെ എല്ലാ തലങ്ങളെയും കീഴടക്കുമ്പോൾ ജീവനെ സംരക്ഷിക്കുവാനും പകർന്നുകൊടുക്കുവാനുമുള്ള നമ്മുടെ ദൗത്യവും പ്രസക്തിയും ഏറുകയാണ്. ലഹരിയുടെ സ്വാധീനത്തിൽ കുടുംബങ്ങൾ തകരുന്ന കേരളത്തിലെ സാമൂഹിക പശ്ചാത്തലത്തിൽ അതിനെതിരെ പ്രവാചകദൗത്യത്തോടെ നമ്മുടെ രൂപത ഉണർന്നെണീക്കുകയാണ്. ലഹരിക്കെതിരായ പ്രവർത്തനങ്ങൾക്ക് ഏറ്റവും ഉചിതമായ സമയമാണിത്. തീക്ഷ്ണതയോടെ പ്രവർത്തനമേഖലകളിൽ കൈ കോർക്കാം. ഇതര മതവിഭാഗങ്ങളെയും ഈ മേഖലയിൽ സഹകരിപ്പിക്കുന്നതും ആവശ്യമാണ്. ലഹരിക്കെതിരെ സമൂഹമനഃസാക്ഷിയെ ഉണർത്താൻ, പ്രവാചക ധീ

രതയോടെ ഈ സാമൂഹിക തിന്മയിൽനിന്ന് നമ്മുടെ കുടുംബങ്ങളെ സംരക്ഷിക്കുവാൻ നമുക്കൊരുമിച്ച് ഒറ്റക്കെട്ടായി അണിചേരാം.

ലഹരിവിമുക്തമായ ഒരു സമൂഹം തന്നെയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. ഈ ലക്ഷ്യത്തിലേക്കുള്ള യാത്ര തീർച്ചയായും ഏറെ ദുഷ്ക്കരമാണ്. മദ്യത്തിനടിമകളായി കടമകൾ മറക്കുന്ന മാതാപിതാക്കൾ തിന്മയുടെ സ്വാധീനത്തിലേക്ക് മക്കളെ വഴിനടത്തുന്നു. ലഹരിക്കടിമകളായ തൊഴിലാളികൾ, ഉദ്യോഗസ്ഥർ പ്രവർത്തനമേഖലകളിൽ നിഷ്ക്രിയരാകുന്നു. മനുഷ്യവിഭവശേഷി ലഹരിമൂലം ക്ഷയിക്കുന്നു. ബുദ്ധിശക്തിയും വിവേചനശക്തിയും മനുഷ്യ ജീവിതത്തിൽ കുറയുന്നു. 2011–2012 വർഷം ബിവറേജസ് ഷോപ്പുകളിൽ മാത്രം 7860 കോടിയുടെ മദ്യമാണ് കേരളത്തിൽ വിറ്റത്. ഇത് മുഴുവനും മനുഷ്യരുടെ അദ്ധ്വാനത്തിന്റെയും കുടുംബാംഗങ്ങളുടെ കണ്ണുനീരിന്റെയും വിലയാണ്. 90,000 പേർ ദിവസവും ബിവറേജസ് ഷോപ്പിലെത്തുന്നുണ്ട്. ഗാർഹിക പീഡനങ്ങളിൽ 64 ശതമാനവും മദ്യാസക്തിയുടെ ഫലമാണ്. മനോരോഗികളായി മാറുന്ന മദ്യപാനികളുടെ എണ്ണം കുറവല്ല. മനോവൈകല്യമുള്ളവരായി ജനിക്കുന്ന കുഞ്ഞുങ്ങളുടെ എണ്ണം ലഹരിക്കടിമപ്പെടുന്ന കുടുംബങ്ങളിൽ കൂടുതലാണ്. ആത്മഹത്യ, വിഷാദരോഗം, സ്ത്രീപീഡനം, കുറ്റകൃത്യങ്ങൾ, വാഹനാപകടങ്ങൾ എന്നിങ്ങനെ ദുരിതകഥകൾ നിരവധിയാണ്. ഈ ലഹരിസംസ്കാരത്തിനെതിരെ സ്നേഹ സംസ്കാരം വളർത്തി കുടുംബത്തെയും ഇടവകയെയും നാടിനെയും ഈ സാമൂഹികവിപത്തിൽനിന്നും രക്ഷിക്കുക ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

നമ്മുടെ രൂപതയിലെ ലഹരിവിമുക്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന നവചൈതന്യ, സാൻജോസദൻ എന്നീ സ്ഥാപനങ്ങളോട് ചേർന്ന് എല്ലാ ഇടവകകളിലും ലഹരിവിമുക്തസമിതികൾ രൂപീകരിക്കുവാൻ നാം നേതൃത്വം നൽകണം. സഭയുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ മദ്യപർ വരാതിരിക്കുവാനും ശ്രദ്ധിക്കണം. ആഘോഷങ്ങളിലും തിരുനാൾ അവസരങ്ങളിലും വിവാഹം, ആദ്യകുർബാന സ്വീകരണം, ജൂബിലി, ജന്മദിനം തുടങ്ങിയ വേളകളിലും മദ്യം ഒഴിവാക്കുവാൻ എല്ലാവരും സഹകരിക്കണം. യുവജനങ്ങളെയും കുട്ടികളെയും ലഹരിക്കെതിരെ സജ്ജമാക്കുകയും സർഗ്ഗാത്മകമായ അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തുകയും ചെയ്യണം. ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

മനുഷ്യനെ വലിയ നാശത്തിലേക്ക് തള്ളിയിടുന്ന ലഹരിക്കെതിരെ നമുക്കൊരുമിച്ച് പ്രവർത്തിക്കാം. നമ്മുടെ രൂപതയുടെ ലഹരിവിമോചന പ്രവർ ത്തനങ്ങളിൽ പങ്കാളികളാകുവാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു. സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട
23. 01. 2013

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ



# കച്ചേരി കാര്യങ്ങൾ

## I TRANSFERS, APPOINTMENTS AND RELIEVING ORDERS OF THE PRIESTS W.E.F. 24-01-2013

1. **Rev. Fr. Thomas Panjikaran**: Chaplain F.C.C. Convents Karanchira
2. **Rev. Fr. George Kandamkulathy:** Relieved from the office of Vicar, Chokkana
3. **Rev. Fr. James Kavalakkatt**: Vicar and Chaplain, Parekattukara
4. **Rev. Fr. George Kalan**: Chaplain, St. Joseph's Sadan Puthenchira.
5. **Rev. Fr. Antony Pudussery:** Relieved from all the offices and granted sick leave.
6. **Rev. Fr. Anto Parekadan:** Vicar and Chaplain, Thumbarassery
7. **Rev. Fr. Vincent Chembakassery:** Relieved Chaplain, St. Joseph's Sadan, Puthenchira.
8. **Rev. Fr. Antony Thekkineth**: Vicar and Chaplain, Thuruthiparambu
9. **Rev. Fr. Jose Kuzhinjalil MS**: Relieved Vicar and Chaplain, Puthenveli.
10. **Rev. Fr. Davis Thattil:** Parish Priest and Chaplain, Avadi of Syro Malabar Chennai Mission
11. **Rev. Fr. Davis Kudiyirickal**: Vicar and Chaplain, Vellanchira
12. **Rev. Fr. Varghese Konthuruthy**: Vicar and Chaplain, Puthenveli
13. **Rev. Fr. Thomas D. Maliekal**: Vicar and Chaplain CMC and CSM Convents, Anandapuram
14. **Rev. Fr. Benny Karimalickal**: Vicar and Chaplain, Nellayi
15. **Rev. Fr. Benny Cheruvathoor** : Relieved Vicar, Ambanoly
16. **Rev. Fr. Anto Chungath**: Relieved Vicar, Nandikara and granted leave for three years for teaching at Mary Matha Major Seminary, Mulayam, Trichur

17 **Rev. Fr. Titus Kattuparambil** : Relieved Chaplain FSMA Convent, Pulipparakunnu.

18. **Rev. Fr. Felix Pallipatt** : Relieved Asst. Vicar, Cathedral

18. **Rev. Fr. Jaison Kudiyirickal:** Director, Navachaithanya, Director 'Madhya Virudha Samithi' of Eparchy of Irinjalakuda, and Vicar and Chaplain, Kalvarikunnu

19. **Rev. Fr. Jobin Karisseril MCBS**: Relieved Parish Priest and Chaplain, Avadi, Chennai Mission

20. **Rev. Fr. Nixon Chakorya:** Vicar & Chaplain Vallapady, Director, Department of Publicity and Advertisement, *Kerala Sabha* also.

21. **Rev. Fr. Thomas Velakkanadan**: Finance Officer, Sahrdaya College Engg., Kodakara and Chaplain FSMA Convent Pulipparakunnu.

22. **Rev. Fr. Plogen Kannampuzha :** Vicar, Nandikara and Assst. Director, Sanjo Sadan.

23. **Rev. Fr. Raphael Moolan:** Spiritual Father, Minor Seminary & Chaplain Alvernia Convent, Irinjalakuda

24. **Rev. fr. Jomy Thottian:** Relieved, Notary Eparchial Tribunal Irinjalakuda.

25. **Rev. Fr. Jijo Vakaparambil**: Executive Editor *Kerala Sabha*, Asst. Director BLM Press, and Assst. Director BLM Retreat Centre, Aloor also.

26. **Rev. Fr. Jino Malakaran**: Granted study leave for three years

27. **Rev. Fr. Liju Manjaprakaran**: Asst. Director Family Apostolate, Finance Officer PACS and Circulation Manager, *Kerala Sabha*

28. **Rev. Fr. Anil Pudussery:** Coordinator of Bless a Home Mala Zone also.

29. **Rev. Fr. Joseph S. Mandakath**: Acting Vicar and Chaplain, Muriyad and Notary Eparchial Tribunal IJK

30. **Rev. Fr Binoy Nereparambil:** Acting Vicar Ambanoly and Chokkana.

31. **Rev. Fr. Wilson Pereppadan** : Acting Vicar and Chaplain, Kundur

32. **Rev. Fr. feby pulickan**: Secretary to the Bishop Mar Pauly Kannookadan.

33. **Rev. Fr. Anish Pellissery** : Acting Vicar, Paduvanagar also

34. **Rev. Fr. Aji Chungatha:** Assistant Vicar, Parappukara

35. **Rev. Fr. Sojo Kannampuzha:** Assistant Vicar, Thazhekad.
36. **Rev. Fr. Johny Kunnathuparambil:** Asst. Vicar, South Thanissery
37. **Rev. Fr. Lijo Karuthy:** Assst. Vicar, Kallettumkara and Notary Eparchial Tribunal
38. **Rev. Fr. Sanesh Thekkethala:** First Asst. Vicar, Cathedral
39. **Rev. Fr. Arun Thekkineth**: Assistant Vicar, Kodakara
40. **Rev. Fr. Daison Kavalakatt:**Coordinator of Bless a Home Irinjalakuda Zone also
41. **Rev. Fr. Ginto Verampilavil** : First Assistant Vicar, Mala
42. **Rev. Fr. Linto Thaliyanayath:** Assistant Vicar, Kuttikad
43. **Rev. Fr. Sibu Kallaparambil:** Assistant Vicar, Aloor St Joseph's.
44. **Rev. Fr. Joby Menoth:** Assistant Vicar, Pariyaram
45. **Rev. Fr. Dinto Plackal**: Assistant Vicar, Perambra
46. **Rev. Fr. Bivin Kalampadan:** Second Asst. Vicar, Chalakudy F.
47. **Rev. Fr. Melwin Perepadan:** Second Assistant Vicar, Mala
48. **Rev. Fr. Sebin Edattukaran:** Assistant Vicar, Moonnumuri
49. **Rev. Fr. Joseph Kizhakkumthala** : Third Asst. Vicar, Cathedral
50. **Rev. Fr. Sinu Arimbooparambil:** Assistant Vicar, Ambazhakad
51. **Rev. Fr. Leslin Cheruparambil:** Assistant Vicar, Edathiruthy
52. **Rev. Fr. Joseph Maliekal:** Assistant Vicar, Potta
53. **Rev. Fr. Jolly Vattamkandathil CMI:** Fourth Asst. Vicar, Cathedral
54. **Rev. Fr. Liju Porathur CMI**: Assistant Vicar, Kanakamala
55. **Rev. Fr. Sony Thottian CMI**: Assistant Vicar, West Chalakudy
56. **Rev. Fr. Boby Thekkedath CMI**: Asst. Vicar Chowka-Elinjipra
57. **Rev. Fr. Nimish Chudenkuzhiyil CMI** : Asst. Vicar, Meladoor

2. **വലിയ നോമ്പ്:** ഫെബ്രുവരി 10–ാം തിയ്യതി ഞായറാഴ്ച പാതിരാ മുതൽ നോമ്പ് ആരംഭിക്കുന്നു. ഫെബ്രുവരി 11–ാം തിയ്യതി മുതൽ ഉയിർപ്പു ഞായർ വരെ വിവാഹം മുടക്ക്. വിദേശത്ത് ജോലി ചെയ്യുന്നവർ നോമ്പുകാലത്ത് വിവാഹം നടത്താം എന്ന ഉദ്ദേശ്യത്തോടെ നാട്ടിലേക്ക് അവധിക്കായി വരരുതെന്ന് ഓർമ്മിപ്പിക്കുന്നു.

3. **വൈദികക്ഷേമനിധി:** പള്ളികളിലും ഇതരസ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന വൈദികരുടെ ഒരു മാസത്തെ അല

വൻസിന് തുല്യമായ സംഖ്യ കൊടുക്കാത്തവർ എത്രയും വേഗം നല്കേണ്ടതാണ്.

4. **മാസധ്യാനം:** ഫെബ്രുവരിയിൽ അതാത് ഫൊറോനകളിൽ വച്ചായിരിക്കും.

5 **Junior Priests Gathering :** നമ്മുടെ രൂപതയിലെ Junior Priests Gathering 2013 ഫെബ്രുവരി 26 ചൊവ്വാഴ്ച 6 p.m. മുതൽ 27 ബുധനാഴ്ച 1 p.m. വരെ കല്ലേറ്റുംകര പാക്സിൽവച്ച് ഉണ്ടായിരിക്കും. 2006 ഡിസംബർ മുതൽ 2013 ജനുവരി വരെയുള്ള കാലയളവിൽ വൈദിക പട്ടം സ്വീകരിച്ച എല്ലാ രൂപത വൈദികരും ഇതിൽ പങ്കുകൊള്ളണം.

6 **ഏകോപന സമിതി :** ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഏകോപന സമിതി മീറ്റിങ്ങ് 2013 ഫെബ്രുവരി 16 ശനിയാഴ്ച 2.30p.m. മുതൽ 4.30 p.m വരെ രൂപതാ ഭവനത്തിൽവച്ച് ഉണ്ടായിരിക്കുന്നതാണ്.

7 **പ്രസ്ബിറ്ററൽ കൗൺസിൽ :** ഫെബ്രുവരി 28 വ്യാഴാഴ്ച കാലത്ത് 11 മണി മുതൽ 4 മണി വരെയാണ് മീറ്റിങ്ങ്. ഭക്തസംഘടനകളുടെയും, പ്രസ്ഥാനങ്ങളുടെയും, സ്ഥാപനങ്ങളുടെയും 2011–12 വർഷത്തെ ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് പ്രസ്തുത മീറ്റിങ്ങിൽ അവതരിപ്പിക്കുന്നതും ചർച്ച ചെയ്യുന്നതുമായിരിക്കും. ഭക്തസംഘടനകളുടെയും, പ്രസ്ഥാനങ്ങളുടെയും ഡയറക്ടർമാരും ഇന്റേണൽ ഓഡിറ്റ് നടത്തിയവരും മീറ്റിങ്ങിൽ പങ്കെടുക്കേണ്ടതാണ്.

8 **പ്രത്യേക ശ്രദ്ധയ്ക്ക് :** സഭാവിരുദ്ധ പഠനങ്ങളുമായി വിവിധ സെക്ടുകളിൽപ്പെട്ടവർ നമ്മുടെ കുടുംബങ്ങൾ സന്ദർശിച്ച് വിശ്വാസികൾക്ക് ലഘുലേഖകളും മറ്റും വിതരണം ചെയ്ത് അബദ്ധ പഠനങ്ങളിലേയ്ക്ക് നീങ്ങാൻ അവരെ പ്രേരിപ്പിക്കുന്നതായി അറിയുന്നു. ബഹു. വികാരിയച്ചന്മാരും സമർപ്പിതരും കുടുംബസമ്മേളന ഭാരവാഹികളും ഇതിനെതിരെ കുടുംബസന്ദർശനം, പ്രസംഗങ്ങൾ, മറ്റ് ഉചിത മാർഗ്ഗങ്ങൾ എന്നിവവഴി ജനങ്ങളെ ബോധവാന്മാരാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

9 പൗരോഹിത്യശുശ്രൂഷ സഭ മുടക്കിയിട്ടുള്ള ചില വ്യക്തികൾ നമ്മുടെ കുടുംബങ്ങൾ സന്ദർശിക്കുകയും പല പ്രസ്ഥാനങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും ദൈവജനങ്ങളെ ക്ഷണിക്കുകയും ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. അത്തരക്കാരുടെ പ്രവർത്തനങ്ങളിൽ സഹകരിക്കരുതെന്നു ബഹു. വികാരിയച്ചന്മാർ ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.

രൂപതാ കാര്യാലയം
25. 01. 2013

**മോൺ. ജോസ് ഇരിമ്പൻ**
വികാരി ജനറാൾ

133/13
23.01.2013

# ഇടയലേഖനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

യേശുവിൽ പ്രിയ ബഹു. വൈദികരെ, സന്യാസിനീസന്യാസികളെ, പ്രിയ മക്കളെ,

തപസിന്റെയും പ്രായശ്ചിത്തത്തിന്റേയും നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ചാക്കുടുത്ത് ചാരം പൂശി ദൈവത്തിന്റെ കഠിനശിക്ഷയിൽനിന്ന് രക്ഷ നേടാൻ നിനിവേയിലെ രാജാവും ജനതതിയും തയ്യാറായതുപോലെ അനുതാപത്തോടും പാപബോധത്തോടുംകൂടി ഇന്നുമുതൽ വരുന്ന 49 ദിവസങ്ങൾ നോമ്പ് ആചരിക്കുകയാണ്. ഈ നോമ്പാചരണം ഫലമണിയണമെങ്കിൽ സമൂലമായ ഹൃദയപരിവർത്തനം നമ്മിൽ ഉളവാകണം. അതിനുവേണ്ടി നമ്മെ ഒരുക്കുന്ന ഉപാധികളാകണം നാം അനുഷ്ഠിക്കുന്ന മാംസവർജ്ജനവും നോമ്പാചരണവും.

ക്രൈസ്തവ ജീവിതവിശ്വാസത്തിന്റെ അടിസ്ഥാനമായ ക്രിസ്തുനാഥന്റെ ഉയിർപ്പു തിരുനാളിനുള്ള ഒരുക്ക കാലഘട്ടമാണല്ലോ നോമ്പുകാലം. തന്റെ പരസ്യജീവിതത്തിന് ഒരുക്കമായി നമ്മുടെ കർത്താവ് നാല്പതുദിവസം മരുഭൂമിയിൽ നടത്തിയ ഉപവാസത്തെ അനുകരിച്ച് തന്നെയാണ് നാം നോമ്പാചരിക്കുന്നത്. ഇതുപോലെ ദൈവത്തിന്റെ ഇടപെടലിന് ഒരുക്കമായുള്ള ചില സംഭവങ്ങൾ ഇസ്രായേലിന്റെ ചരിത്രത്തിൽ നമുക്ക് ദർശിക്കാവുന്നതാണ്. 40 വർഷം ഇസ്രായേൽ ജനത മരുഭൂമിയിൽ അലഞ്ഞു (നിയമാ 8:2). 40 ദിവസം മൂശ സീനായ് മലയിൽ ചിലവഴിച്ചു (പുറ. 24:18). 40 ദിവസത്തേയ്ക്ക് ഗോലിയാത്ത് ഇസ്രായേലിനെ വെല്ലുവിളിച്ചു (സാമു. 17:16). കർത്താവിന്റെ ദൂതൻ നൽകിയ അപ്പവും വെള്ളവും ഭക്ഷിച്ചതിന്റെ ശക്തികൊണ്ട് ഏലിയാ നാല്പതുദിവസം നടന്ന് ദൈവത്തിന്റെ മലയായ ഹോറേബിലെത്തി (1 രാജ 19:8). 40 ദിവസം യോനാ നിനിവെയിൽ അനുതാപം പ്രസംഗിച്ചു (യോനാ 3:4–5). ഇവിടെയെല്ലാം ദൈവത്തോടു ചേർന്നിരിക്കുന്ന, ചേർന്നിരിക്കാനായ് പരിശ്രമിക്കുന്ന വ്യക്തികളെയും സംഭവങ്ങളെയുമാണ് നാം കാണുന്നത്. നോമ്പാ

ചരണത്തിന്റെ ചൈതന്യവും മറ്റൊന്നല്ല. ദൈവത്തോടൊപ്പം നടന്ന് ജീവിത പരിവർത്തനം വരുത്തി അവിടുത്തെ കൃപയുടെ നീർച്ചാലുകൾ ജീവിതത്തിലേക്ക് സ്വീകരിക്കേണ്ട കാലഘട്ടമാണ് ഈ നോമ്പിന്റെ പുണ്യദിനങ്ങൾ.

വെളിപാട് പുസ്തകത്തിൽ പറയുന്നതുപോലെ, ആദ്യ കാലഘട്ടങ്ങളിൽ ജീവിതത്തിലുണ്ടായിരുന്ന ദൈവവിശ്വാസവും നന്മയും കൈമോശം വന്നിട്ടുണ്ടെങ്കിൽ ഏതവസ്ഥയിൽനിന്നാണോ അധഃപതിച്ചത് അതിലേക്ക് തിരിച്ചു പോരുവാൻ (വെളി. 3) യഥാർത്ഥ ക്രിസ്തീയ ചൈതന്യത്തിലേക്ക് തിരിച്ച് നടക്കാൻ സഭാമാതാവ് ഈ കാലഘട്ടത്തിൽ പ്രത്യേകമായി നമ്മെ ഓർമ്മപ്പെടുത്തുന്നു. ലോകത്തോടുള്ള താല്പര്യങ്ങൾ എന്നെ ദൈവത്തിൽനിന്നും അകറ്റിയിട്ടുണ്ടോ എന്ന് കണ്ടെത്തേണ്ട സമയമാണിത്.

ഇന്ന് നാം പല തരത്തിലുള്ള ആഘോഷങ്ങളുടെയും വിരുന്നുകളുടെയും സമൃദ്ധിയിലാണ്. അസന്മാർഗ്ഗികതയുടെ, ലഹരിവസ്തുക്കളുടെ, മാധ്യമങ്ങളുടെ ഒക്കെ സമൃദ്ധിയിലാണ്. ഇത്തരത്തിലുള്ള സമൃദ്ധിയിൽ മുഴുകി ദൈവത്തിൽനിന്നും പലരും അകന്നുപോകുന്നു. അതുകൊണ്ടാണ് തിരുവചനം പറയുന്നത് "ഇതാണ് സ്വീകാര്യമായ സമയം (2 കോറി 6:12), കർത്താവിനെ അന്വേഷിക്കാനുള്ള സമയം (ഹോസിയാ 10:12). പഴയ മനുഷ്യനെ അവന്റെ ചെയ്തികളോട്കൂടി ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ നമുക്ക് ധരിക്കാം. വീണ്ടെടുക്കാനാവാത്ത വിധത്തിൽ ഒന്നും കളഞ്ഞു പോയിട്ടില്ല, മടങ്ങി വരാനാവാത്ത ദൂരത്തിൽ ആരും അകന്നു പോയിട്ടില്ല, രക്ഷിക്കാനാകാത്ത വിധത്തിൽ കർത്താവിന്റെ കൈകൾ കുറുകി പോയിട്ടുമില്ല എന്ന സത്യം നമുക്ക് മറക്കാതിരിക്കാം.

ആഗോള കത്തോലിക്കാസഭ വിശ്വാസവർഷത്തിലൂടെ കടന്നുപോകുകയാണല്ലോ. വിശ്വാസത്തിനെതിരായ വെല്ലുവിളികൾ ഈ കാലഘട്ടത്തിൽ വർദ്ധിച്ചുവരികയാണ്. കത്തോലിക്കാ സത്യവിശ്വാസികൾ ജീവിതത്തിൽ ചെറിയ ബുദ്ധിമുട്ടുകളുണ്ടാകുമ്പോൾ കല്ലുകളെ അപ്പമാക്കാനുള്ള പ്രലോഭനങ്ങളിൽ വീണുകൊണ്ടിരിക്കുകയാണ്. വഴി തെറ്റിയ ചില വിശ്വാസസംഹിതകൾക്കു പുറകേ പോയി വിശ്വാസം കച്ചവടം ചെയ്യാനുള്ള പ്രലോഭനങ്ങളിലും അനേകർ വീഴുന്നുണ്ട്. നമ്മുടെ നാട്ടിലെ വിശ്വാസവിരുദ്ധ പ്രസ്ഥാനങ്ങളുടെയും സെക്ടുകളുടെയും വളർച്ച ഇതിനുദാഹരണമാണ്. അതുകൊണ്ട് വിശ്വാസവർഷത്തിലെ ഈ നോമ്പാചരണത്തിൽ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടാൻ പ്രാർത്ഥിക്കാം. ഒപ്പം വിശ്വാസത്തിൽനിന്നും കൗദാശിക ജീവിതത്തിൽനിന്നും അകന്നു കഴിയുന്നവരുടെ മാനസാന്തരത്തിനായ് നമുക്ക് പ്രാർത്ഥിക്കാം.

ജീവിതത്തിലെ കുറവുകളെയും സഹനങ്ങളെയും കർത്താവിന്റെ കുരിശിനോട് ചേർത്തുവച്ച് ഉയിർപ്പിന്റെ പ്രത്യാശയിൽ നമുക്ക് ജീവിക്കാനാകട്ടെ, കാരണം ജീവിതത്തിലെ ഏതൊരു പരാജയത്തിനും, കുറവിനും ഉത്തരമുണ്ടെന്ന ഓർമ്മപ്പെടുത്തലാണല്ലോ നമ്മുടെ കർത്താവിന്റെ ഉത്ഥാനം. ബെഥ്സയ്ദാ കടവിലെ ജീവിതത്തെ ഈ നോമ്പുകാലത്തിന്റെ ഒരുക്കമായി ധ്യാനിക്കുന്നത് ഉചിതമാണെന്ന് തോന്നുന്നു. തളരാത്ത പ്രത്യാശയും പതറാത്ത പരിശ്രമവും 38 വർഷക്കാലം അയാൾ കൊണ്ടുനടന്നു. അവസാനം ഹൃദയങ്ങളറിയുന്ന ദൈവം അവനെ സുഖപ്പെടുത്തി. ദുശ്ശീലങ്ങളെ അകറ്റാനുള്ള കൈമോശം വന്ന നന്മകളെ തിരിച്ചു പിടിക്കാനുള്ള തീക്ഷ്ണമായ പരിശ്രമം ഈ കാലഘട്ടത്തിൽ നമുക്കുണ്ടാകണം. നമ്മുടെ സ്വാർത്ഥതയും, അഹന്തയും ശത്രുതയും ജഡികമോഹങ്ങളും നമുക്ക് വെറുത്ത് ഉപേക്ഷിക്കാം.

അപരനിലേക്കിറങ്ങേണ്ട ഒരു കാലഘട്ടം കൂടിയായി നമുക്ക് ഈ നോമ്പിനെ മാറ്റാം. സ്നേഹത്തിൽ പ്രവർത്തനനിരതമാകേണ്ടതാണല്ലോ (ഗലാ 5:6) നമ്മുടെ വിശ്വാസം. അതുകൊണ്ട് ഉപവാസത്തിന്റെയും നോമ്പാചരണത്തിന്റെയും യഥാർത്ഥ അർത്ഥത്തെക്കുറിച്ചുള്ള ഏശയ്യ പ്രവാചകന്റെ വാക്കുകളെ നമുക്ക് ധ്യാനിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യാം. പ്രവാചകൻ പറയുന്നു: "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം" (ഏശയ്യ 58:68). അന്ത്യവിധിയുടെ സമയത്ത് കർത്താവ് ചോദിക്കുന്നതെന്തും ഇവയെല്ലാം നിറവേറ്റിയോ എന്നാണല്ലോ (മത്താ. 25) ആകയാൽ നമുക്ക് "അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ വഴിയിലൂടെ സഞ്ചരിക്കാം, മാനസാന്തരത്തിന് യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യാം" പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരെയും ഞാൻ ആശീർവ്വദിക്കുന്നു.

+ Pauly Kannookadan

ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**
22. 01. 2013 ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:-ഈ ഇടയലേഖനം ഫെബ്രുവരി 10 ഞായറാഴ്ച ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

1271/12
20.12.2012

# സർക്കുലർ

*സ്നേഹബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, സഹോദരി സഹോദരൻമാരെ,*

കാലഘട്ടത്തിന്റെ വെല്ലുവിളികളെയും പ്രലോഭനങ്ങളെയും ശക്തിയോടും ദൃഢനിശ്ചയത്തോടും കൂടെ നേരിടാനും വിശ്വാസത്തിൽ ആഴപ്പെടാനും കത്തോലിക്കാ യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഇരിങ്ങാലക്കുട രൂപതയിൽ നാം യുവജനവർഷം ആചരിക്കുകയാണല്ലോ. സഭ യുവജനങ്ങളെ വിലപ്പെട്ടവരായി കരുതി അവരുടെ നാനാമുഖമായ ഉയർച്ചയും വളർച്ചയും എന്നും ലക്ഷ്യമിടുന്നു. സഭയോടൊത്ത് ചിന്തിക്കുന്ന, സാമൂഹിക പ്രതിബദ്ധതയുള്ള, മൂല്യങ്ങളെ മുറുകെപിടിക്കുന്ന, രാഷ്ട്രബോധമുള്ള യുവതലമുറ ഇന്നിന്റെ ആവശ്യമാണ്.

യുവജനവർഷത്തോടനുബന്ധിച്ച് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിൽനിന്നും യുവജന പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് **"എപ്പാർക്കിയൽ യൂത്ത് അസംബ്ളി"** 2013 ഫെബ്രുവരി 21 മുതൽ 24വരെ നടത്തപ്പെടുകയാണ്. ആധുനിക ലോകത്തിൽ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളെയും പ്രതിസന്ധികളെയും വിലയിരുത്തി അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളെ യുവാവായ ക്രിസ്തുവിന്റെ ജീവിതത്തിൽനിന്നും സഭയുടെ ഔദ്യോഗിക പഠനങ്ങളനിന്നും പാരമ്പര്യങ്ങളിൽനിന്നും കണ്ടെടുത്ത് പ്രായോഗികതലത്തിലേക്ക് പകർത്താനുള്ള ഒരു പരിശ്രമമാണ് ഈ യൂത്ത് അസംബ്ളി. ഇതിന്റെ ആദ്യപടി എന്ന നിലയിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലെയും യുവജനങ്ങൾ ചർച്ച ചെയ്യുന്നതിനും പഠിക്കുന്നതിനും ഗൗരവമായ തുടർനടപടികൾക്കുവേണ്ടി അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനുമായി ഒരു പഠനരേഖ **'സ്താത്തേ ഇൻ ഫീദേ' (STATE IN FIDE)** 'വിശ്വാസത്തിൽ ഉറച്ചുനിൽക്കുവിൻ' (1 കോറി16:13) പ്രസിദ്ധീകരിച്ചിട്ടുണ്ട്. നമ്മുടെ രൂപതയിലെ മുഴുവൻ ഇടവകകളിലും ഈ പഠനരേഖ ചർച്ച ചെയ്യുകയും പ്രായോഗിക നിർദ്ദേശങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതാണ്. ഇതിനുവേണ്ടി എല്ലാ ഇടവകകളിലും ഒരു "ഇടവക യൂത്ത് അസംബ്ളി" സംഘടിപ്പിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. ഇക്കാര്യങ്ങളിൽ സഹായിക്കുവാൻ രൂപതയിൽനിന്നും ഒരു റിസോഴ്സ് ടീമിനെ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ അതാത് ഫൊറോനകളിലെ ബഹുമാനപ്പെട്ട യുവവൈദികരുടെ സഹായസഹകരണങ്ങളും ലഭിക്കുന്നതാണ്. ഇടവകതലത്തിൽ നടത്തുന്ന യൂത്ത് അസംബ്ളിയിൽ രൂപപ്പെടുന്ന നിർദ്ദേ

ശങ്ങളും നിഗമനങ്ങളും 2013 ഫെബ്രുവരി 10ന് മുമ്പ് ആളൂർ മാർ തോമ സെന്ററിലുള്ള യുവജനവർഷ ഓഫീസിൽ നൽകേണ്ടതാണ്.

"എപ്പാർക്കിയൽ യൂത്ത് അസംബ്ളി" ഏററവും വിജയകരമാകുന്നതിനും പഠനരേഖ എല്ലായിടത്തും ചർച്ച ചെയ്യുന്നതിനും ബഹു. വികാരിയച്ചൻമാരും സന്യസ്തരും യുവജനസുഹൃത്തുക്കളും നേതൃത്വം നൽകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഇനിയുള്ള ദിവസങ്ങളിൽ യൂത്ത് അസംബ്ളിയുടെ വിജയത്തിനായി പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

പ്രാർത്ഥനയോടെ,

+ Pauly Kannookadan

ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**
20. 12. 2012 ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

132/13
23.01.2013

## സർക്കുലർ

*സ്നേഹ ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, സഹോദരി സഹോദരൻമാരെ,*

ആനുകാലിക സാഹചര്യങ്ങൾ പരിഗണിച്ച് കുർബ്ബാനധർമ്മം പുതുക്കുവാൻ ഈ ഡിസംബർ 11 മുതൽ 13 വരെ എറണാകുളത്ത് പി.ഒ.സി.യിൽ വച്ച് കൂടിയ കേരള കത്തോലിക്കാ മെത്രാൻ സമിതി തീരുമാനിക്കുകയുണ്ടായി. സാധാരാണ കുർബ്ബാനയ്ക്ക് 75 രൂപയാണ് പുതുക്കിയ നിരക്ക്. അതോടൊപ്പം നമ്മുടെ രൂപതയിൽ ആഘോഷമായ കുർബാന ധർമ്മത്തിനും വർദ്ധനവ് വരുത്തുകയാണ്. 160 രൂപയായിരിക്കും ആഘോഷമായ കുർബ്ബാനയുടെ ധർമ്മം. (വൈദികന്റെ വിഹിതം 80 രൂപയായിരിക്കും മറ്റുള്ളവരുടെ വിഹിതത്തിൽ വ്യത്യാസമില്ല). മറ്റ് തിരുക്കർമ്മ ധർമ്മത്തിന് 2011 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിച്ചതിൽനിന്ന് വ്യത്യാസമൊന്നുമില്ല.

2013 ഏപ്രിൽ 1 മുതൽ ചൊല്ലേണ്ട കുർബാധർമ്മം ഏറ്റെടുക്കുമ്പോൾ മുകളിൽ നൽകിയിരിക്കുന്ന സംഖ്യയാണ് വാങ്ങേണ്ടത്. പഴയ നിരക്കിലുള്ള കുർബാനധർമ്മം 2013 ഏപ്രിൽ 1–ന് മുൻപ് രൂപതാ ഫൈനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

+ Pauly Kannookadan

ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**
12. 01. 2013 ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:- ഈ സർക്കുലർ ഫെബ്രുവരി 17 ഞായറാഴ്ച കുർബ്ബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

126/13
18.01.2013

# സർക്കുലർ

*സ്നേഹബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, സഹോദരി സഹോദരൻമാരെ,*

ശ്രേഷ്ഠവും പ്രൗഢവുമായ യുവത്വം ഒരുപാട് സാധ്യതകളാൽ സമ്പന്നമാണ്. അതുപോലെതന്നെ കാലഘട്ടത്തിന്റെ അനാരോഗ്യകരമായ സ്വാധീനത്താൽ ദിശാബോധം നഷ്ടപ്പെടാൻ സാധ്യതയുള്ള കാലവുമാണ്. അതുകൊണ്ടുതന്നെ യുവജനങ്ങൾക്ക് വ്യക്തമായ ലക്ഷ്യബോധം നൽകി നന്മയുടെവഴി തെരഞ്ഞെടുക്കുവാൻ അവരെ സഹായിക്കുക നമ്മുടെ കടമയാണ്. അതിനാദ്യം അവരിലുള്ള ദൈവവിശ്വാസത്തിന്റെ കനലുകൾ ജ്വലിക്കുവാൻ ഇടവരുന്ന വിധത്തിൽ അവർക്ക് ശരിയായ ബോധ്യങ്ങൾ നൽകുന്നതിനും അവർക്ക് കാലികപ്രാധാന്യമുള്ള നൂതനമേഖലകൾ കണ്ടെത്തുന്നതിനും സൃഷ്ടിപരമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സഹായകമാകുന്ന പദ്ധതികളാണ് സാർവ്വത്രികസഭ വിശ്വാസവർഷവും നമ്മുടെ രൂപത യുവജനവർഷവും ആചരിക്കുന്ന ഈ കാലയളവിൽ നാം പ്രായോഗികമായി നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി നമ്മുടെ രൂപതയിൽ ഒരു "യുവജന അസംബ്ലി" 2013 ഫെബ്രുവരി 21 മുതൽ 24 വരെ നടത്തുന്ന വിവരം സന്തോഷപൂർവ്വം ഞാൻ നിങ്ങളെ അറിയിക്കുന്നു.**"സ്താത്തേ ഇൻ ഫീദേ" (State in Fide) -** വിശ്വാസത്തിൽ ഉറച്ചുനിൽക്കുവിൻ (1 കോറി 16:13) എന്നതാണ് ഈ അസംബ്ലിയുടെ ആപ്തവാക്യം. അസംബ്ലിയുടെ പഠനരേഖ ഇതിനകം നമ്മുടെ ഇടവകകളിലും സംഘടനകളിലും പ്രസ്ഥാനങ്ങളിലും സന്യാസ സമൂഹങ്ങളിലും പഠന വിഷയമാക്കിയിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അസംബ്ലിയിൽ പങ്കെടുക്കേണ്ടവരെക്കുറിച്ചും അതിന്റെ നടത്തിപ്പിനെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ നിങ്ങൾക്ക് ലഭിക്കുന്നതാണ്.

യുവജനങ്ങളെ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുത്തുന്നതിനും യുവാവായ ക്രിസ്തുവിന്റെ മാതൃകയിൽ അവരെ രൂപപ്പെടുത്തുന്നതിനും അതുവഴി മൂല്യബോധവും സാമൂഹിക പ്രതിബദ്ധതയും സഭാസ്നേഹവും അവരിൽ പരിപോഷിപ്പിക്കുന്നതിനും സഹായകമായ നിരവധി ആശയങ്ങളും കാഴ്ചപ്പാടുകളും രൂപപ്പെടുത്തുന്നതിന് ഈ യുവജന അസംബ്ലി ഉപകരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അസംബ്ലിയുടെ വിജയത്തിനുവേണ്ടി എല്ലാ

ഇടവകകളിലും സ്ഥാപനങ്ങളിലും ഒരു ദിവസം ചുരുങ്ങിയത് അരമണിക്കൂർ ആരാധന നടത്തി പ്രാർത്ഥിക്കണമെന്നും വിശുദ്ധ കുർബാനയിലെ കാറോസൂസ പ്രാർത്ഥനയിൽ അസംബ്ലിയുടെ വിജയത്തിനായ് നൽകപ്പെടുന്ന പ്രാർത്ഥന ചൊല്ലണമെന്നും ആഹ്വാനം ചെയ്യുന്നു. അസംബ്ലിയിൽ പങ്കെടുക്കുന്ന പ്രതിനിധി കൾക്ക് ആവശ്യമായ എല്ലാ പ്രോത്സാഹനങ്ങളും മറ്റു സഹായ ങ്ങളും നൽകുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഉത്തരവാദി ത്വപ്പെട്ടവരും ശ്രദ്ധിക്കേണ്ടതാണ്.

യുവജന അസംബ്ലിയുടെ വിജയത്തിന് എല്ലാവിധ ദൈവാ നുഗ്രഹങ്ങളും ഉണ്ടാകട്ടെയെന്നും പ്രാർത്ഥിച്ചും യുവജനങ്ങൾക്ക് അതുവഴി നവോന്മേഷം ലഭിക്കുന്ന ഒരു 'പെന്തക്കുസ്താ അനുഭവം' ലഭിക്കട്ടെയെന്നും ആശംസിച്ചും നിങ്ങളുടെ സർവ്വവിധ സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചും നിർത്തുന്നു. ദൈവം എല്ലാവ രേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**

18. 01. 2013 ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:- ഈ സർക്കുലർ ഫെബ്രുവരി 10-ാം തിയ്യതി ഞായറാഴ്ച കുർബ്ബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേ ണ്ടതാണ്.

---

## ഇരിങ്ങാലക്കുട രൂപത യൂത്ത് അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന

2013 ഫെബ്രുവരി 1-ാം തിയ്യതി മുതൽ വിശുദ്ധ കുർബ്ബാന യിൽ ചേർത്ത് ചൊല്ലേണ്ട കാറോസൂസ പ്രാർത്ഥന

ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹായെ, വിശ്വാസത്തിൽ ഉറച്ചുനിന്ന് അങ്ങേയ്ക്ക് സാക്ഷികളാകുവാനും ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്ത് പ്രത്യാശ യോടെ വർത്തിക്കുവാനും പ്രലോഭനങ്ങളെ അതിജീവിച്ച് പരിശു ദ്ധരായി ജീവിക്കുവാനും ആവശ്യമായ ദൈവീകശക്തിയും ആത്മീയ ചൈതന്യവും ഞങ്ങളുടെ രൂപതയിലെ എല്ലാ യുവജന ങ്ങൾക്കും ലഭിക്കുവാൻ യുവജന അസംബ്ലിയിലൂടെ അനുഗ്രഹം ചൊരിയണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# എപ്പാർക്കിയൽ യൂത്ത് അസംബ്ളി

**2013 ഫെബ്രുവരി 21–24**

## മാർഗ്ഗരേഖ

## സ്താത്തേ ഇൻ ഫീദേ (State in Fide)

**"വിശ്വാസത്തിൽ ഉറച്ചുനിൽക്കുവിൻ** (1 കോറി 16:13)

## Art I ഉദ്ദേശ്യം : –

സാർവ്വത്രികസഭയിൽ വിശ്വാസ വർഷവും ഇരിങ്ങാലക്കുട രൂപതയിൽ യുവജനവർഷവും ആചരിക്കുന്ന ഈ വിശുദ്ധ വേളയിൽ കത്തോലിക്ക യുവജനങ്ങളെ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുത്തുന്നതിനും യുവാവായ ക്രിസ്തുവിന്റെ മാതൃകയിൽ അവരെ രൂപപ്പെടുത്തുന്നതിനും അതുവഴി സാമൂഹിക പ്രതിബദ്ധ തയും മൂല്യബോധവും സഭാസ്നേഹവും പരിപോഷിപ്പിക്കുന്നതി നുമാണ് യുവജന അസംബ്ലി സംഘടിപ്പിക്കുന്നത്. മാർതോമാശ്ലീ ഹായിൽനിന്നും ഏറ്റുവാങ്ങിയ വിശ്വാസജ്വാല ഇന്നത്തെ ലോക ത്തിൽ ദീപ്തമാക്കാനും, അത് യുവതലമുറയിൽ ആഴപ്പെടുത്താ നും, അതുവഴി അവരെ ജീവിതത്തിൽ നേരിടുന്ന വെല്ലുവിളിക ളോട് പ്രതിക്ഷാനിർഭരമായി പ്രതികരിക്കാൻ പ്രാപ്തരാക്കാനും സഹായിക്കുക എന്നതാണ് ഈ യുവജന അസംബ്ലിയുടെ ലക്ഷ്യം.

**Art II. കാലദൈർഘ്യം** 21.02.2013 5.00 P.M- 24.02.2013 5.00 P.M

**Art III. അംഗങ്ങൾ :**

**A. Ex-Officio (ഉദ്യോഗവശാൽ)**

1. രൂപതാദ്ധ്യക്ഷൻ
2. വികാരി ജനറാൾ
3. ചാൻസലർ
4. രൂപത ഫൈനാൻസ് ഓഫീസർ
5. യുവജന സംഘടന ഡയറക്ടർമാർ
6. രൂപത യുവജന സംഘടനകളുടെ പ്രസിഡണ്ട്, സെക്രട്ടറി.
7. പാസ്റ്ററൽ കൗൺസിലിലെയും പ്രെസ്ബിറ്ററൽ കൗൺസി ലെയും സെക്രട്ടറിമാർ
8. യുവജന അസംബ്ലി കേന്ദ്രകമ്മറ്റി അംഗങ്ങൾ

**B. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ**

1. 750–ന് താഴെ കുടുംബങ്ങളുള്ള ഇടവകകളിൽനിന്ന് ഒരു പ്രതിനിധി.
2. 750–ന് മുകളിൽ കുടുംബങ്ങളുള്ള ഇടവകകളിൽനിന്ന് രണ്ട് പ്രതിനിധികൾ.
3. രൂപതയിലെ സന്യാസിനിസമൂഹങ്ങളുടെ നാലു യുവ പ്രതിനിധികൾ.
4. രൂപതയിലെ സന്യാസസമൂഹങ്ങളുടെ രണ്ട് യുവ പ്രതിനിധികൾ.
5. രൂപത വൈദികരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന നാല് യുവ വൈദികർ
6. രൂപത സെമിനാരി വിദ്യാർത്ഥികളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് വൈദികവിദ്യാർത്ഥികൾ.

C. രൂപതാദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന 10 പേർ.

D. ദൈവശാസ്ത്രം, കാനൻ നിയമം, ചരിത്രം, ബൈബിൾ, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ പാണ്ഡിത്യം നേടിയിട്ടുള്ള 5 പ്രതിനിധികൾ.

E. അംഗങ്ങൾ എല്ലാവരും യുവജന അസംബ്ലിയിൽ ആദ്യന്തം പങ്കെടുക്കേണ്ടതാണ്. ഗൗരവമായ തടസങ്ങളാൽ പങ്കെടുക്കാൻ സാധിക്കാതെ വന്നാൽ വിവരം രൂപതാദ്ധ്യക്ഷനെ രേഖാമൂലം അറിയിക്കണം. ഈ സന്ദർഭത്തിൽ നിയമപ്രകാരം തിരഞ്ഞെടുക്കപ്പെട്ട Art III. നമ്പർ B-ൽ പറഞ്ഞിരിക്കുന്നവർക്ക് പങ്കെടുക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായാൽ ആൾക്ക് പകരം പങ്കെടുക്കുവാൻ ഒരു പകരക്കാരനെ കൂടി തിരഞ്ഞെടുക്കേണ്ടതാണ്.

**Art IV. പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് :–**

**Art III** B-6-ൽ പറഞ്ഞിരിക്കുന്ന വൈദികവിദ്യാർത്ഥികളുടെ പ്രതിനിധിയെ രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്നു.

**Art III D**-ൽ പരാമർശിക്കപ്പെട്ടിരിക്കുന്ന പ്രതിനിധികളെ നിശ്ചയിക്കുവാനുള്ള അധികാരം രൂപതാദ്ധ്യക്ഷനാണ്.

## Art V എപ്പാർക്കിയൽ അസംബ്ലി ഭാരവാഹികൾ : –

1. പ്രസിഡന്റ് : രൂപതാദ്ധ്യക്ഷൻ
2. വൈസ്പ്രസിഡന്റ് : രൂപതാ വികാരി ജനറാൾ

3. സെക്രട്ടറി : സെൻട്രൽ കമ്മറ്റിയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന വൈദികൻ.

(എപ്പാർക്കിയൽ യുവജന അസംബ്ലി സെക്രട്ടറിയേറ്റിന്റെ നിയന്ത്രണ ചുമതല സെക്രട്ടറിക്കായിരിക്കും).

4. ജോ.സെക്രട്ടറിമാർ : സെക്രട്ടറിയെ സഹായിക്കുവാൻ രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്ന ഒരു ബഹു. സിസ്റ്ററും ഒരു അത്മായനും.

5. ഫൈനാൻസ് ഓഫീസർ : രൂപതാ ഫൈനാൻസ് ഓഫീസറോ, രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്ന മറ്റൊരു വ്യക്തിയോ ആയിരിക്കും ഫൈനാൻസ് ഓഫീസർ.

## Art VI എപ്പാർക്കിയൽ യുവജന അസംബ്ലിയുടെ നടപടിക്രമങ്ങൾ

**a. ആദ്ധ്യാത്മിക ഒരുക്കം :** എപ്പാർക്കിയൽ യുവജന അസംബ്ലി രൂപതയിലെ മുഴുവൻ യുവജനങ്ങളുടെയും നവീകരണം ലക്ഷ്യം വച്ചുള്ളതായതു കൊണ്ട് ആത്മീയമായി യുവജനങ്ങളെ ഒരുക്കണം. അസംബ്ലി വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കണം. ഇതിനായി :

1. രൂപതയിലെ നിത്യാരാധനാകേന്ദ്രങ്ങളിൽ നൽകപ്പെടുന്ന ദിവസങ്ങളിൽ ആരാധന നടത്തുക.
2. 2013 ഫെബ്രവരി 1–ാം തിയ്യതി മുതലുള്ള ഏതെങ്കിലും ഒരു ദിവസം നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസ–സന്യാസിനി ഭവനങ്ങളിലും ചുരുങ്ങിയത് അരമണിക്കൂർ ആരാധന നടത്തുക.
3. 2013 ഫെബ്രുവരി 1–ാം തിയ്യതി മുതൽ നൽകപ്പെട്ടിരിക്കുന്ന കാറോസൂസ പ്രാർത്ഥന വിശുദ്ധ കുർബ്ബാനയിലെ കാറോസൂസ പ്രാർത്ഥനയിൽ ചേർത്ത് ചൊല്ലേണ്ടതാണ്.
4. 2013 ഫെബ്രുവരി 1–ാം തിയ്യതി മുതൽ നമ്മുടെ എല്ലാ കുടുംബങ്ങളിലും കുടുംബപ്രാർത്ഥനയ്ക്കുശേഷം എപ്പാർക്കിയൽ യുവജന അസംബ്ലിയുടെ വിജയത്തിനായി 1 സ്വ. 1നന്മ. 1 ത്രിത്വസ്തുതിയും ചൊല്ലുക.
5. എപ്പാർക്കിയൽ യൂത്ത് അസംബ്ലിക്ക് മുൻപായി ഫെബ്രുവരി 15–ാം തിയ്യതി വെള്ളിയാഴ്ച രൂപത മുഴുവനും ഉപവാസം അനുഷ്ഠിക്കുന്നത് ഉചിതമായിരിക്കും.
6. എപ്പാർക്കിയൽ യൂത്ത് അസംബ്ലി തുടങ്ങുന്ന ദിവസത്തെ കൂർബ്ബാന എപ്പാർക്കിയൽ യുത്ത് അസംബ്ലിയുടെ നിയോഗത്തിൽ അർപ്പിക്കുക.

**b. അജണ്ട നിശ്ചയിക്കൽ: –**

എപ്പാർക്കിയൽ യൂത്ത് അസംബ്ലിക്ക് മുന്നോടിയായി ലഭിക്കുന്ന റിപ്പോർട്ടുകളും വിചിന്തനങ്ങളും ചർച്ച ചെയ്തതിനുശേഷം എപ്പാർക്കിയൽ യൂത്ത് അസംബ്ലിയിൽ പ്രതിപാദിക്കേണ്ട, അജണ്ട രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്നു.

**c. അജണ്ട അറിയിക്കൽ :**

നിശ്ചയിക്കപ്പെട്ട അജണ്ടയും അതെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകളും ക്രോഡീകരിച്ച് എപ്പാർക്കിയൽ യൂത്ത് അസംബ്ലി തുടങ്ങുന്നതിനു 8 ദിവസം മുമ്പെങ്കിലും എപ്പാർക്കിയൽ യൂത്ത് അസംബ്ലിയിലെ അംഗങ്ങൾക്ക് അവരുടെ പഠനത്തിനായി നൽകേണ്ടതാണ്. പ്രസ്തുത അജണ്ടയും റിപ്പോർട്ടും എപ്പാർക്കിയൽ യൂത്ത് അസംബ്ലി അംഗങ്ങൾ പരസ്യപ്പെടുത്തുവാൻ പാടില്ലാത്തതാണ്.

**d. എപ്പാർക്കിയൽ യൂത്ത് അസംബ്ലി ഉദ്ഘാടനം: –**

രൂപതാദ്ധ്യക്ഷന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടുന്ന ദിവ്യബലിയോടും പരിശുദ്ധാത്മാവിനോടുള്ള പ്രത്യേക പ്രാർത്ഥനയോടും കൂടെയാണ് എപ്പാർക്കിയൽ യൂത്ത് അസംബ്ലി ആരംഭിക്കുന്നത്. അതേ ബലിയിൽവച്ച് സിനഡ് അംഗങ്ങൾ നിശ്ചിത ഫോർമുല അനുസരിച്ച് വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതാണ്.

**e. എപ്പാർക്കിയൽ യൂത്ത് അസംബ്ലിയിലെ ചർച്ചകൾ : –**

1. രൂപതാദ്ധ്യക്ഷൻ സെൻട്രൽ കമ്മറ്റിയുമായി ആലോചിച്ചു നിശ്ചയിക്കുന്ന ക്രമപ്രകാരം യോഗത്തിൽ വിഷയങ്ങൾ അവതരിപ്പിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ചർച്ചകൾക്ക് ആമുഖമായി ഓരോ വിഷയത്തെയും കുറിച്ചുള്ള കരടു രേഖയുടെ സംക്ഷിപ്ത രൂപം നിശ്ചയിക്കപ്പെടുന്ന വ്യക്തികൾ അസംബ്ലിയിൽ അവതരിപ്പിക്കുകയും അംഗങ്ങൾക്ക് നൽകപ്പെടുന്ന സമയം വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുകയും അഭിപ്രായ പ്രകടനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്. നിഗമനങ്ങളിലും നിശ്ചയങ്ങളിലും എത്തിച്ചേരുവാൻ ആവശ്യമെങ്കിൽ ചർച്ച ചെയ്യപ്പെടുന്ന ചോദ്യങ്ങളിൻമേൽ വോട്ടു രേഖപ്പെടുത്താവുന്നതും, ഭൂരിപക്ഷ പ്രകാരമുള്ള തീരുമാനങ്ങളിൽ എത്തിച്ചേരാവുന്നതുമാണ്.

2. സഭയുടെ വിശ്വാസസത്യങ്ങളെയോ, പ്രബോധനാധികാരം ഉപയോഗിച്ച് സഭ പഠിപ്പിക്കുന്ന കാര്യങ്ങളെയോ, പരിശുദ്ധ പിതാവിനെയോ, സ്വയം ഭരണാധികാരമുള്ള സഭയുടെ തലവൻമാരെയോ വിമർശിക്കുന്ന ചർച്ചകൾ അനുവദനീയമല്ല.
3. ചർച്ചയിലുടനീളം ക്രൈസ്തവ സ്നേഹത്തിന്റെയും സഹിഷ്ണുതയുടേയും അരൂപി അംഗങ്ങൾ പാലിക്കണം.
4. തർക്ക വിഷയങ്ങളിൽ അസംബ്ലി അദ്ധ്യക്ഷന്റെ തീരുമാനങ്ങളും നിർദ്ദേശങ്ങളും എല്ലാവരും അംഗീകരിക്കണം.
5. ഓരോ സെക്ഷനും പ്രാർത്ഥനയോടു കൂടി ആരംഭിക്കുകയും പ്രാർത്ഥനയോടു കൂടി അവസാനിപ്പിക്കുകയും വേണം.
6. ചർച്ചകളുടെ ഇടയിൽ വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും ഉപദേശങ്ങളും ആവശ്യമായി വന്നാൽ എപ്പാർക്കിയൽ യൂത്ത് അസംബ്ലി അദ്ധ്യക്ഷൻ ചർച്ച നിർത്തിവെച്ച് അതാവശ്യപ്പെടാവുന്നതാണ്.
7. അസംബ്ലി അദ്ധ്യക്ഷന്റെ അംഗീകാരമില്ലാത്ത ഒരു തീരുമാനത്തിനും നിയമസാധുത ഇല്ലാത്തതാകുന്നു.

**f. എപ്പാർക്കിയൽ യൂത്ത് അസംബ്ലിയുടെ സമാപനം :** നിശ്ചയിക്കപ്പെടുന്ന ദിവസം രൂപതാദ്ധ്യക്ഷന്റെ വിശുദ്ധ ബലിയർപ്പണത്തോടു കൃതജ്ഞതാസ്തോത്രഗീതത്തോടും കൂടി എപ്പാർക്കിയൽ യൂത്ത് അസംബ്ലി സമാപിക്കുന്നു.

**Art VIII : -** രൂപതാദ്ധ്യക്ഷന് എപ്പാർക്കിയൽ യൂത്ത് അസംബ്ലിയുടെ നടപടികളും തീരുമാനങ്ങളും പ്രസിദ്ധീകരിക്കാവുന്നതാണ്.

**Art IX : -** നിയമ സാധുത: എപ്പാർക്കിയൽ യൂത്ത് അസംബ്ലിയുടെ തീരുമാനങ്ങളുടെ വെളിച്ചത്തിൽ രൂപതക്കുവേണ്ടി പൊതു നിർദ്ദേശങ്ങളും നിയമങ്ങളും ഉണ്ടാക്കി പ്രഖ്യാപിക്കുവാനുള്ള അധികാരം രൂപതാദ്ധ്യക്ഷനു മാത്രമുള്ളതാണ് (CCEO: c.241).

**N.B : -** പൗരസ്ത്യകാനൻ നിയമം (CCEO) Nos. 235-242 വരെയും ലത്തീൻ കാനൻ നിയമം (CIC) Nos. 460-468 വരെയും ഉള്ള കാനോനിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ 16.07.1997ൽ L' Osservatore Romano (No.29) യിൽ പ്രസിദ്ധം ചെയ്ത എപ്പാർക്കിയൽ അസംബ്ലിയെക്കുറിച്ച് പ്രതിപാദിക്കുന്ന മാർഗ്ഗരേഖകളെ ആധാരമാക്കിയാണ് ഈ മാർഗ്ഗരേഖ രൂപപ്പെടുത്തിയിരിക്കുന്നത്.

**മോൺ. ജോസ് ഇരിമ്പൻ**
വികാരി ജനറാൾ

# തിരുബാലസഖ്യദിനം

**2013 ഫെബ്രുവരി 10**

**കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ**

**പുറപ്പെടുവിക്കുന്ന സർക്കുലർ**

---

*ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,*

എല്ലാ വർഷവും ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ചയാണല്ലോ തിരുബാലസഖ്യദിനമായി ആഗോളകത്തോലിക്കാ സഭ ആചരിക്കുന്നത്. ബാലനായ ഈശോയുടെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. 1843–ൽ ഫ്രാൻസിലെ നാൻസി രൂപതാദ്ധ്യക്ഷനായിരുന്ന ബിഷപ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യം എന്ന സംഘടന സ്ഥാപിക്കുന്നത്. 1922–ൽ 10–ാം പീയൂസ് മാർപാപ്പാ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950–ൽ 11–ാം പീയൂസ് മാർപാപ്പാ എല്ലാ വർഷവും ഫെബ്രുവരി രണ്ടാം ഞായർ തിരുബാലസഖ്യദിനമായി ആചരിക്കണമെന്ന് നിഷ്കർഷിക്കുകയുമുണ്ടായി. കുഞ്ഞുങ്ങളുടെ ക്രിസ്തീയരൂപീകരണത്തിന് സഹായകമാകത്തക്കവിധം ഈ ദിനം ഉചിതമായി ആചരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നു താത്പര്യപ്പെടുന്നു.

നസ്രത്തിലെ തിരുക്കുടുംബത്തിൽ നിറഞ്ഞുനിന്ന ഒരുമയുടെയും സ്നേഹത്തിന്റെയും ദൈവാശ്രയത്വത്തിന്റെയും ചൈതന്യം നമ്മുടെ കുടുംബങ്ങളിലും പുലരട്ടെ. ബാലനായ ഈശോയ്ക്ക് ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരാൻ അനുയോജ്യമായ പശ്ചാത്തലം നസ്രസ്സിലെ തിരുകുടുംബത്തിലുണ്ടായിരുന്നു. ദൈവഹിതമനുസരിച്ചുകൊണ്ട് ഉത്തമകുടുംബജീവിതം നയിക്കുന്ന മാതാപിതാക്കളുടെ സാക്ഷ്യവും ശിക്ഷണവുമാണ് നമ്മുടെ കുഞ്ഞുങ്ങളെ നല്ലവരായി വളരാൻ സഹായിക്കുന്നത്.

കുടുംബവും ജീവിതസാഹചര്യങ്ങളുമാണ് ജീവിതനിലപാടുകൾ രൂപീകരിക്കുന്നതിൽ കുഞ്ഞുമനസ്സുകളെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ. ആകയാൽ നല്ല കുടുംബങ്ങളുടെ രൂപീകരണത്തിൽ നാം ഏറ്റവും വലിയ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ദൈവത്തിന്റെ പദ്ധതിയോട് പൂർണമായും സഹകരിച്ച് കുടുംബജീവിതം നയിച്ച ദമ്പതിമാരായിരുന്നു മറിയവും യൗസേപ്പും. സുവിശേഷം തന്നെയായ ഈശോയുടെ സാന്നിദ്ധ്യം നസ്രസ്സിലെ കുടുംബത്തെ സ്വർഗ്ഗീയമാക്കി. ഈശോയാകുന്ന സുവിശേഷത്താൽ നമ്മുടെ കുടും

ബങ്ങൾ സ്വർഗ്ഗീയ ചൈതന്യം ഉൾക്കൊള്ളണമെങ്കിൽ അവിടെ ജനിച്ചു വള രുന്ന മക്കൾ കർത്താവിന്റെ സ്വരം തിരിച്ചറിയാനും സുവിശേഷത്തിന് സാക്ഷ്യം വഹിക്കാനും ഇടയാകണം. അതിന് മുതിർന്നവർ അവർക്ക് മാർഗ്ഗദർശനം നല്കണം.

ഉപഭോക്തൃസംസ്കാരത്തിന്റെ സ്വാധീനങ്ങളും വഴിഭ്രംശം സംഭവിച്ച പ്രത്യയശാസ്ത്രങ്ങളും നമ്മുടെ കുഞ്ഞുങ്ങളെ വഴിപിഴപ്പിക്കുന്നത് വേദനി പ്പിക്കുന്ന കാഴ്ചയാണ്. കുടുംബത്തിന്റെ പവിത്രതയും ഐക്യവും സംരക്ഷി ക്കുന്ന ധാർമ്മികാടിത്തറയിലാകണം കുഞ്ഞുങ്ങൾ പരിശീലിപ്പിക്കപ്പെടുന്നത്.

സാധാരണയായി 12 വയസ്സുവരെ പ്രായമുള്ള കുട്ടികളാണ് തിരുബാല സഖ്യത്തിൽ അംഗങ്ങളാകുന്നത്. ഈ സുപ്രധാന കാലഘട്ടത്തിൽ കുഞ്ഞു മനസ്സുകളുടെ ശരിയായ രൂപീകരണത്തിന് വേണ്ടതെല്ലാം നാം കരുതലോടെ ചെയ്യേണ്ടതുണ്ട്. 12-ാം വയസ്സിൽ ബാലനായ ഈശോ ദൈവാലയത്തിൽ വച്ച് തന്റെ ജീവിതദൗത്യത്തെക്കുറിച്ചുള്ള ബോധ്യം വ്യക്തമാക്കി. ഇളംപ്രായ ത്തിൽ ജീവിതത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് നമ്മുടെ കുഞ്ഞുങ്ങൾക്കു ലഭിക്കാനിടയാകണം. അവർക്ക് ഇടർച്ച നല്കാതിരിക്കാൻ മുതിർന്നവർ, പ്രത്യേ കിച്ച് മാതാപിതാക്കന്മാർ ശ്രദ്ധിക്കണം.

നല്ല ബോധ്യങ്ങളിൽ അധിഷ്ഠിതമായ വ്യക്തിത്വരൂപീകരണം കുട്ടി കൾക്കു ലഭിച്ചെങ്കിലേ അധാർമ്മികതയുടെയും തിന്മയുടെയും ശക്തികളെ അതിജീവിക്കാൻ അവർക്കു കഴിയൂ. കുടുംബം, ഇടവക, വിദ്യാലയം, സമൂഹം എന്നീ തലങ്ങളിലെ സാദ്ധ്യതകളും സാഹചര്യങ്ങളും ശരിയായി പ്രയോജ നപ്പെടുത്തി അവ സഹകരിച്ച് പ്രവർത്തിച്ചെങ്കിലേ ഈ രൂപീകരണം ഫലപ്രദ മാവുകയുള്ളൂ. സഭയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ദൈവവിളി തിരിച്ചറി യാനും അതിനോട് ശരിയായി പ്രതികരിക്കാനും ഓരോ വ്യക്തിക്കും സാധി ക്കണം.

"കുഞ്ഞുങ്ങൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്" എന്ന ഈശോയുടെ നിർദ്ദേശവും "എന്റെ ഈ എളിയ സഹോദ രരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്" എന്ന വെളിപ്പെടുത്തലും നാം ശരിയായി മനസ്സിലാക്കി പ്രവർത്തിക്കണം. ദൈവസമ്മാനമായ കുഞ്ഞുങ്ങൾക്കു ജന്മം നല്കി കുടും ബത്തിലേക്കും ഇടവകയിലേക്കും സമൂഹത്തിലേക്കും അവരെ കൈപിടിച്ചു വളർത്തുമ്പോൾ ദൈവപദ്ധതിയോടാണ് മാതാപിതാക്കന്മാർ സഹകരിക്കു ന്നത്. ഈ മേഖലകളിലെല്ലാം ദൈവഹിതമനുസരിച്ച് വ്യാപരിക്കാനും ചുമ തലകൾ നിറവേറ്റാനും മക്കൾക്കാകണം. എതിർശക്തികളെ ചെറുത്തു തോല്പിക്കാനുള്ള കരുത്തും ദൈവകൃപയും അവർക്കുണ്ടായിരിക്കണം.

അത്തരത്തിലുള്ള ശിക്ഷണവും ജീവിതശൈലിയുമാണ് അവർക്ക് ലഭിക്കേണ്ടത്. ചുമതലപ്പെട്ടവർ ഇക്കാര്യം ഗൗരവപൂർവ്വം കണക്കിലെടുക്കണം; മാതാപിതാക്കന്മാർ, അദ്ധ്യാപകർ, ആത്മീയപിതാക്കന്മാർ തുടങ്ങിയവർക്കെല്ലാം "ഈ എളിയവരിൽ ആർക്കെങ്കിലും ഉതപ്പ് നൽകുന്നവൻ കഴുത്തിൽ തിരികല്ല് കെട്ടി ആഴക്കടലിൽ താഴ്ത്തപ്പെടുന്നതാണ് നല്ലതെന്ന" കർത്താവിന്റെ തിരുവചനം ഗൗരവമേറിയ ഒരു മുന്നറിയിപ്പാണ്.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കാൻ നമുക്കേവർക്കും കഴിയണം. ഇളംതലമുറയുടെ വ്യക്തിത്വരൂപീകരണം ദൈവവിളി പരിപോഷിപ്പിക്കാൻ ഉതകുന്നതായിരിക്കണം. അതിനായി ചില പ്രായോഗിക നിർദ്ദേശങ്ങൾ സൂചിപ്പിക്കട്ടെ.

1. കുടുംബത്തിലെ അന്തരീക്ഷം ശാന്തിയും സമാധാനവും നിറഞ്ഞതായിരിക്കണം. കുട്ടികളുടെ മുന്നിൽ പരസ്പരസ്നേഹത്തിനെതിരായ പ്രവൃത്തികളോ ചർച്ചകളോ പാടില്ല. സ്നേഹത്തിനു നിരക്കാത്ത പദപ്രയോഗങ്ങൾ ഒഴിവാക്കണം. കരുണയോടെ പെരുമാറണം. തിരുസഭയെയും സഭാധികാരികളെയും സന്ന്യസ്തരെയും കുറിച്ച് സ്നേഹത്തോടും ബഹുമാനത്തോടും കൂടെ സംസാരിക്കുക.
2. കുട്ടികൾക്ക് ദൈവവചനവും വിശുദ്ധരുടെ ജീവിതകഥകളും ലഭ്യമാക്കുക. കുട്ടികളോടൊപ്പം പ്രാർത്ഥനകളിലും തിരുനാളുകളിലും തിരുപ്പട്ട–സന്ന്യാസവ്രതസ്വീകരണ വേളകളിലും പങ്കെടുക്കുക.
3. ഇടവകാടിസ്ഥാനത്തിലും ഫൊറോനാ, രൂപതാടിസ്ഥാനത്തിലും കുട്ടികൾക്ക് ആത്മീയ ഉണർവുണ്ടാക്കുന്ന റാലികൾ, മത്സരങ്ങൾ, സെമിനാറുകൾ, ധ്യാനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.
4. സിസ്റ്റേഴ്സിനെ തിരുബാലസഖ്യ ആനിമേറ്റേഴ്സായി നിയമിക്കുകയും ആഴ്ചയിലൊരിക്കൽ ഈ ആനിമേറ്ററുടെ നേതൃത്വത്തിൽ സമ്മേളനവും പ്രാർത്ഥനയും സംഘടിപ്പിക്കുകയും വേണം. അവർ കുട്ടികളുമായി സ്നേഹപൂർവ്വം ഇടപെട്ട് ദൈവവിളിയെ പരിപോഷിപ്പിക്കുന്ന ചിന്തയും മനോഭാവവും വളർത്തണം.
5. വിശ്വാസവിരുദ്ധ സ്വാധീനത്തിൽ കുട്ടികൾ ഉൾപ്പെടാതിരിക്കാൻ ജാഗ്രത പുലർത്തണം. പാഠ്യവിഷയങ്ങൾക്കുമപ്പുറം കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയെ മുന്നിൽ കണ്ട് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ ആകർഷകമായി നല്കണം.
6. ദൃശ്യശ്രാവ്യ വാർത്താവിനിമയ മാധ്യമങ്ങളിലൂടെയും മറ്റ് സാമൂഹിക ചുറ്റുപാടുകളിലൂടെയും കുഞ്ഞുമനസ്സുകളിൽ ദൈവചിന്തയെ

ഉണർത്തണം. ആദ്ധ്യാത്മികതയ്ക്ക് ഹാനികരമായ ഉപഭോക്തൃ സംസ്കാരത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് കുട്ടികൾക്ക് മുന്നറിയിപ്പ് നൽകി അവയുടെ സ്വാധീനത്തിൽ അവർ ഉൾപ്പെടാതിരിക്കാൻ സഹായിക്കുക.

7. വിദ്യാലയ അന്തരീക്ഷത്തിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പെരുമാറ്റവും സംസാരവും ചർച്ചകളും സഭയോടും സഭാമേലധികാരികളോടും സ്നേഹവും ആദരവും പുലർത്തുന്ന വിധമായിരിക്കണം. കുട്ടികളുടെ ചിന്തകളെ സ്വർഗ്ഗോന്മുഖമാക്കുന്ന ചിത്രങ്ങളും ദൈവവചന ലിഖിതങ്ങളും ഇപ്രകാരമൊരു ആന്തരികത സംജാതമാക്കുന്നതിന്നു ഉപയോഗപ്പെടുത്താ വുന്നതാണ്.

8. സുവിശേഷവേലയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞു വയ്ക്കുന്നത് അഭികാമ്യമാണെന്നും ദൈവാനുഗ്രഹപ്രദമാണെന്നും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക; ഇപ്രകാരമുള്ള വിഷയങ്ങൾ ചർച്ചാവിഷയമാക്കുക.

9. ദൈവസേവനത്തിനും ദൈവാലയ ശുശ്രൂഷയ്ക്കും കുട്ടികളിൽ ആഗ്രഹം ജനിപ്പിക്കുക, അവരെ അതിന് പ്രോത്സാഹിപ്പിക്കുക.

കുടുംബത്തിൽ ജനിച്ച്, ഇടവകയിലും വിദ്യാലയത്തിലും വളർന്ന്, സഭയിലും സമൂഹത്തിലും പടർന്നു പന്തലിക്കുന്ന ആത്മീയ വളർച്ചയുടെയും ദൈവവിളി പോഷണത്തിന്റെയും സംസ്കാരമാകട്ടെ രണ്ടായിരത്തിപതിമൂന്നിന്റെ തിരുബാലസഖ്യ ലക്ഷ്യം.

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട കുഞ്ഞുമക്കളേ, ഈശോയുടെ കൈപിടിച്ച് അവന്റെ കൂടെ നടക്കാൻ എന്നും നിങ്ങൾക്ക് സാധിക്കട്ടെ. കാരുണ്യവാനായ ദൈവം നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുംന്തോട്ടം**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവേൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB: ഈ സർക്കുലർ ഫെബ്രുവരി 03–ാം തീയതി കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# ലോകരോഗീദിന സന്ദേശം
## 11 ഫെബ്രുവരി 2013

### ഇരുപത്തിയൊന്നാം ലോകരോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ നല്കുന്ന സന്ദേശം “നീയും പോയി അതുപോലെ ചെയ്യുക” (ലൂക്ക 10:37)

പ്രിയ സഹോദരീസഹോദരന്മാരേ,

1. ഇരുപത്തിയൊന്നാം ആഗോളരോഗീദിനം 2013 ഫെബ്രുവരി 11–ാംതീയതി, ലൂർദ്ദ് മാതാവിന്റെ സ്മരണയുടെ ദിവസം, അൾട്ടേറ്റിംഗ് മരിയൻ പ്രാർത്ഥനാലയത്തിൽ വച്ച് ആഘോഷപൂർവ്വം ആചരിക്കും. രോഗികൾ, രോഗീശുശ്രൂഷകർ, വിശ്വാസികൾ എന്നിവർക്കും സന്മനസ്സുള്ള എല്ലാവർക്കും ആ ദിവസം ഒരു സവിശേഷ സന്ദർഭമായിരിക്കും. പ്രാർത്ഥിക്കാനും പങ്കുവയ്ക്കാനും സഹനം സഭയുടെ നന്മയ്ക്കായി കാഴ്ചവയ്ക്കാനുമുള്ള സവിശേഷ സമയമായിരിക്കും. “പീഢകൾ സഹിച്ചും മരണം വരിച്ചും ഉത്ഥാനം ചെയ്തും മനുഷ്യവംശത്തിന്റെ രക്ഷ സാധിച്ച ക്രിസ്തുവിന്റെ മുഖം സഹിക്കുന്ന സഹോദരീസഹോദരന്മാരിൽ തിരിച്ചറിയാനുള്ള ഒരു വിളിയുമായിരിക്കും അത്” (ജോൺ പോൾ 2–ാമൻ, ആഗോള രോഗീദിനം സ്ഥാപിക്കാനുള്ള കത്ത്, 13 മേയ് 1992, 3).

ആശുപത്രികളിലോ വീട്ടിലോ രോഗവും സഹനവും മൂലമുള്ള പരീക്ഷണ ഘട്ടത്തിനു വിധേയരായിക്കഴിയുന്ന പ്രിയസഹോദരരേ, ഈ സന്ദർഭത്തിൽ ഞാൻ നിങ്ങളോട് സവിശേഷമാംവിധം അടുത്തു നില്ക്കുന്നതായി എനിക്കു തോന്നുന്നു, സഭാപിതാക്കന്മാരുടെയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും ആശ്വാസവാക്കുകൾ നിങ്ങളെ താങ്ങി നിറുത്തട്ടെ: “നിങ്ങൾ ഏകാന്തരല്ല, വേർതിരിക്കപ്പെട്ടവരല്ല, ഉപേക്ഷിക്കപ്പെട്ടവരോ ഉപകാരമില്ലാത്തവരോ അല്ല, നിങ്ങൾ ക്രിസ്തുവിനാൽ വിളിക്കപ്പെട്ടവരാണ്. അവിടത്തെ സജീവവും സുതാര്യവുമായ പ്രതിഛായ കളാണ്” (ദരിദ്രർക്കും രോഗികൾക്കും പീഢകൾ സഹിക്കുന്നവർക്കുമുള്ള സന്ദേശം).

2. പ്രത്യാശയുടെയും കൃപയുടെയും സ്ഥാനമായ ലൂർദ്ദിൽനിന്ന് അൾട്ടേറ്റിംഗിലെ പ്രാർത്ഥനാലയത്തിലേയ്ക്കു നമ്മെ നയിക്കുന്ന ആത്മീയ തീർത്ഥാടനത്തിൽ നിങ്ങളോടു കൂടെയായിരിക്കാൻ വേണ്ടി നല്ല സമറായന്റെ മാതൃകാപരമായ രൂപത്തെക്കുറിച്ചു ചിന്തിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു (cf ലൂക്കാ 10:25–27). സുവിശേഷത്തിൽ വിശുദ്ധ ലൂക്കാ വിവരിക്കുന്ന ഉപമ അനുദിന ജീവിതത്തിൽനിന്ന് എടുത്തിട്ടുള്ള ദൃശ്യങ്ങളുടെയും സംഭവങ്ങളുടെയും പരമ്പരയുടെ ഭാഗമാണ്. ഓരോ മനുഷ്യരോടും പ്രത്യേകിച്ച്, രോഗംകൊണ്ടോ വേദനകൊണ്ടോ പീഢിപ്പിക്കപ്പെടുന്നവരോട്, ദൈവത്തിനുള്ള അഗാധമായ സ്നേഹം മനസ്സിലാക്കാൻ അവവഴി യേശു നമ്മെ സഹായിക്കുന്നു.

നല്ല സമറായന്റെ ഉപമയിലെ ഉപസംഹാരവാക്കുകൾ "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10:37) എന്നതാണല്ലോ. മറ്റുള്ളവരോട്, പ്രത്യേകിച്ച് ആവശ്യത്തിൽപ്പെട്ടവരോട്, തന്റെ ഓരോ ശിഷ്യനും ഉണ്ടായിരിക്കേണ്ട മനോഭാവമെന്താണെന്ന് ആ വാക്കുകൾ വഴി അവിടന്ന് സൂചിപ്പിക്കുന്നു. ശാരീരികമായോ മാനസികമായോ സഹിക്കുന്നവരോട്, അവർ നമ്മുടെ സഹായം ചോദിക്കുമ്പോൾ, നാം അവരെ അറിഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, അവർ എത്ര ദരിദ്രരായാലും, അവരോട് നല്ല സമറായക്കാരനുണ്ടായിരുന്ന താത്പര്യം നമുക്കുണ്ടാകണം. ആ താത്പര്യത്തോടെ അനുദിനം ജീവിക്കാനുള്ള ശക്തി പ്രാർത്ഥന വഴി ദൈവവുമായുള്ള ഉറ്റ ബന്ധത്തിലൂടെ നാം സമ്പാദിക്കണം. അജപാലകരെയോ രോഗീശുശ്രൂഷകരെയോ സംബന്ധിച്ചു മാത്രമല്ല, പിന്നെയോ എല്ലാവരെയും സംബന്ധിച്ചും ഇതു ശരിയാണ്. രോഗികളെ സംബന്ധിച്ചുപോലും അങ്ങനെയാണ്. അവർക്ക് വിശ്വാസത്തിന്റെ വീക്ഷണത്തിൽനിന്ന് ഈ അവസ്ഥ അനുഭവിക്കാൻ കഴിയും: "സഹനത്തിൽ നിന്നു വഴിമാറിക്കൊണ്ടോ ഓടിമറഞ്ഞു കൊണ്ടോ അല്ല പിന്നെയോ അതു സ്വീകരിക്കാനും അതിലൂടെ വളർച്ച പ്രാപിക്കാനും, അനന്തസ്നേഹം മൂലം പീഢസഹിച്ച ക്രിസ്തുവുമായുള്ള ഐക്യത്തിൽ അതിന്റെ അർത്ഥം കണ്ടെത്താനും അത് ആവശ്യമായിരിക്കുന്ന നമ്മുടെ കഴിവുകൊണ്ടാണ് നാം സൗഖ്യമുള്ളവരാക്കപ്പെടുന്നത്" (Spe Salvi, 37).

3. പല സഭാപിതാക്കന്മാരും നല്ല സമറായനിൽ യേശുവിനെത്തന്നെ കണ്ടുമുട്ടി. വഴിയിൽ വീണുകിടന്ന മനുഷ്യനിൽ അവർ ആദത്തെയും പാപംമൂലം മുറിവേറ്റ് വഴി തെറ്റിയ നമ്മുടെ മനുഷ്യത്വത്തെത്തന്നെയും കണ്ടുമുട്ടി (cf ഒറിജൻ, ലൂക്കായുടെ സുവിശേഷത്തെക്കുറിച്ചുള്ള പ്രഭാഷണം XXXIV, 1–9; അബ്രോസ്, വിശുദ്ധ ലൂക്കായുടെ സുവിശേ ഷത്തിന്റെ വ്യഖ്യാനം 71–84, ആഗസ്തീനോസ് പ്രഭാഷണം 171). യേശു ദൈവപുത്രനാണ്. പിതാവിന്റെ വിശ്വസ്തവും ശാശ്വതവും അതിരറ്റതുമായ സ്നേഹത്തെ സന്നിഹിതമാക്കുന്നവനാണ്.

എന്നാൽ തന്റെ ദൈവത്വത്തിന്റെ മേൽവസ്ത്രം മാറ്റിവയ്ക്കുന്നവനുമാണ് അവിടന്ന്; മനുഷ്യരുടെ സാദൃശ്യം സ്വീകരിക്കാൻ വേണ്ടി ദൈവികാവസ്ഥ വിട്ടുകളയുന്നവനുമാണ് (cf ഫിലി 2:6–8). അവിടന്ന്, മാനുഷിക സഹനത്തോട് അടുത്തു വന്നു, നാം വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നതു പോലെ പ്രത്യാശയും പ്രകാശവും നല്കാൻ പാതാളത്തിലേക്ക് ഇറങ്ങുക പോലും ചെയ്തു. അവിടന്ന് ദൈവത്തോടുള്ള സമാനത അസഹിഷ്ണുതയോടെ കാത്തുസൂക്ഷിച്ചില്ല (cf ഫിലി 12:6).പിന്നെയോ സഹതാപം നിറഞ്ഞവനായി മാനുഷികസഹനത്തിന്റെ അഗാധതയിലേക്ക് അവിടന്ന് നോക്കുന്നു. ആശ്വാസത്തിന്റെ തൈലവും പ്രത്യാശയുടെ വീഞ്ഞും ചൊരിയുന്നതിനു വേണ്ടിയാണത്.

4. നമ്മുടെ സഭാസമൂഹങ്ങളിൽ പരോപകാരപരമായ സേവനം കൂടുതൽ തീവ്രമാക്കാനുള്ള സമുചിതമായ സന്ദർഭമാണ് നാം ആഘോഷിക്കുന്ന വിശ്വാസവർഷം. അങ്ങനെ നമ്മിൽ ഓരോ വ്യക്തിയും മറ്റുള്ളവർക്ക്, നല്ല സമറായനായിത്തീരണം. നമ്മുടെ തൊട്ടടുത്തുള്ളവർക്ക്, നല്ല സമറായനായിത്തീരണം.

അനേകരുടെ സ്മരണാമണ്ഡലത്തിൽ ഇന്നും ജീവിക്കുന്ന വ്യക്തിയാണ് വാഴ്ത്തപ്പെട്ട ലൂയിജി നൊവാരെസ്. രോഗികൾക്കും പീഡകൾ സഹിക്കുന്നവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിന്റെയും അവരോടൊപ്പം ആയിരിക്കുന്നതിന്റെയും സവിശേഷപ്രാധാന്യം തന്റെ ശുശ്രൂഷാകാലം മുഴുവനിലും അദ്ദേഹം തിരിച്ചറിഞ്ഞു. മരിയൻ പ്രാർത്ഥനാലയങ്ങളിലേക്ക്, പ്രത്യേകിച്ച്, ലൂർദ്ദിലെ ഗ്രോട്ടോയിലേക്ക് അദ്ദേഹം അവരോടൊപ്പം പോയി. റൗൾ ഫൊള്ളേറോ അയൽപക്കക്കാരോടുള്ള സ്നേഹത്താൽ പ്രേരിതനായി തന്റെ ജീവിതം ഹാൻസെൻസ് (Hansen) രോഗം ബാധിച്ചവരെ ശുശ്രൂഷിക്കാനായി സമർപ്പിച്ചു.

കൽക്കട്ടയിലെ വാഴ്ത്തപ്പെട്ട തെരേസ ഓരോ ദിവസവും തുടങ്ങിയത് ദിവ്യകാരുണ്യ ഈശോയെ സന്ദർശിച്ചിട്ടാണ്. തന്റെ സഹനങ്ങളെ മാതൃകാപരമായ രീതിയിൽ ക്രിസ്തുവിന്റെ സഹനങ്ങളോട് ഐക്യപ്പെടുത്താൻ മൈൽഡെൽസ്റ്റേറ്റിലെ വിശുദ്ധ അന്ന സ്കാഫറിനും സാധിച്ചു: അവൾ രോഗിയായിക്കിടന്ന കിടക്ക അവളുടെ ആവൃതിസെല്ലായിത്തീർന്നു.

5. അവസാനമായി, കത്തോലിക്കരുടെ രോഗീശുശ്രൂഷാകേന്ദ്രങ്ങൾ, സിവിൾ സമൂഹം, രൂപതകൾ, ക്രൈസ്തവസമൂഹങ്ങൾ, രോഗികളെ ശുശ്രൂഷിക്കുന്ന അജപാലനത്തിൽ ഏർപ്പെടുന്ന സന്ന്യാസസമൂഹങ്ങൾ, ആരോഗ്യപാലനസംഘങ്ങൾ, സന്നദ്ധസേവകർ എന്നിവരോട് ഹൃദയപൂർവം നന്ദിപറയാനും അവരെ പ്രോത്സാഹിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഓരോ മനുഷ്യനെയും പ്രത്യേകിച്ച്, ദുർബലരെയും രോഗികളെയും സ്നേഹത്തോടെ ഉദാത്തഃപൂർവം സ്വീകരിക്കുകയെന്ന തന്റെ ദൗത്യത്തിന്റെ ഒരു മൗലികവശമാണ് സഭ ഇന്നു ജീവിക്കുന്നത് (അല്മായവിശ്വാസികൾ, 38) എന്ന കാര്യം എല്ലാവരും കൂടുതൽ പൂർണമായി മനസ്സിലാക്കാൻ ഇടയാകട്ടെ.

അൾടേറ്റിംഗിൽ വണങ്ങപ്പെടുന്ന കൃപാവരങ്ങളുടെ മാതാവിന്റെ മധ്യസ്ഥതയ്ക്ക് 21-ാം ആഗോള രോഗീദിനം ഞാൻ സമർപ്പിക്കുന്നു. ആശ്വാസത്തിനും ദൃഢമായ പ്രത്യാശയ്ക്കും വേണ്ടിയുള്ള സഹിക്കുന്നവരുടെ അന്വേഷണത്തിൽ, അവൾ എന്നും കൂടെ സഞ്ചരിക്കട്ടെ. കാരുണ്യത്തിന്റെ പ്രേഷിതവേലയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും അവൾ സഹായിക്കട്ടെ. അവർ അങ്ങനെ രോഗങ്ങളിലും സഹനങ്ങളിലും കഴിയുന്ന സഹോദരീസഹോദരന്മാർക്ക് നല്ല സമറായക്കാരന്മാരായിത്തീരട്ടെ. എല്ലാവർക്കും ഞാൻ ഹൃദയപൂർവം ശ്ലൈഹികാശീർവാദം നല്കുന്നു.

വത്തിക്കാനിൽനിന്ന് 2 ജനുവരി 2013

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ**

## മെഴ്സി ട്രസ്റ്റ്

**ഉപരിപഠനത്തിന് സ്കോളർഷിപ്പ്:** അർഹതയുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ഉപരിപഠനത്തിന് സാമ്പത്തിക സഹായം നല്കുന്നതിനുള്ള അപേക്ഷകൾ 2013 മാർച്ച് 1 മുതൽ സ്വീകരിക്കുന്നു. 2013 മാർച്ച് 31 വരെയാണ് അപേക്ഷ സ്വീകരിക്കുന്നത്. അപേക്ഷയോടൊപ്പം അവസാനം നടന്ന പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയുംകൂടി സമർപ്പിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. ഇത്തവണ B.Sc. Nursing, General Nursing, Engineering, Medicine എന്നീ വിഭാഗങ്ങളിൽ മാത്രമായിരിക്കും സാമ്പത്തിക സഹായം നല്കുന്നത്.

മുൻകൂട്ടി അറിയിച്ച് 2013 മാർച്ച് 31 ന് മുമ്പ് ഒരു ഞായറാഴ്ച കുർബ്ബാനമദ്ധ്യേ പിരിവ് നടത്തി കിട്ടുന്ന സംഖ്യ മെഴ്സി ട്രസ്റ്റിലേക്ക് നല്കിയാൽ അത് വലിയ സഹായമായിരിക്കും. തന്നെയുമല്ല, സാമ്പത്തിക സഹായം നല്കാൻ കഴിയുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ, കുടുംബ യൂണിറ്റുകൾ, എന്നീ തലങ്ങളിൽ 2000 രൂപ (സാധാരണ അംഗം), 5000 രൂപ (ഉപകാരി), 10000 രൂപ (രക്ഷാധികാരി) എന്നീ നിരക്കിൽ സംഖ്യ സംഭരിച്ചു തന്നാൽ വലിയ ഉപകാരമായിരിക്കും. സംഖ്യ തരുന്നവർക്ക് രസീതും ഷെയർ സർട്ടിഫിക്കറ്റും നൽകുന്നതാണ്.

**ഫാ. ക്ലമന്റ് ചിറയത്ത്**
സെക്രട്ടറി

**മാർ പോളി കണ്ണൂക്കാടൻ**
ട്രസ്റ്റി

## രൂപതാബുള്ളറ്റിൻ വാർഷിക വരിസംഖ്യ

ഇരിങ്ങാലക്കുട രൂപതാ ബുള്ളറ്റിന്റെ വാർഷിക വരിസംഖ്യ പിന്നിട്ട 5 വർഷമായി (2008-2012) 100 രൂപയായിരുന്നു. 2013 ഏപ്രിൽ 1 മുതൽ രൂപതാ ബുള്ളറ്റിന്റെ വാർഷിക വരിസംഖ്യ 150 രൂപയായിരിക്കും. കുറഞ്ഞ പോസ്റ്റൽ നിരക്കിൽ ബുള്ളറ്റിൻ അയക്കുവാനുള്ള അനുവാദം RNI (The Registrar of News Papers for India, New Delhi) പിൻവലിച്ചിരിക്കുന്നതിനാൽ 0.25 പൈസക്കുപകരം 5 രൂപയുടെ പോസ്റ്റൽ സ്റ്റാമ്പ് ഓരോ ബുള്ളറ്റിൻ അയക്കുവാൻ ആവശ്യമായിരിക്കുന്നു. അതുകൊണ്ടു കൂടിയാണ് ബുള്ളറ്റിന്റെ വരിസംഖ്യ വർദ്ധിപ്പിക്കേണ്ടി വന്നിരിക്കുന്നത്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫൈനാൻസ് ഓഫീസർ**



Bless A Home

# ബ്ലസ്സ് എ ഹോം

ഒരു വീടിനെ അനുഗ്രഹിക്കൂ...

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽനിന്നു 740 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ ഒരു കോടി അറുപത്താറ് ലക്ഷത്തി ഇരുപതിനായിരം (1,66,20,000) രൂപ നൽകിയിട്ടുണ്ട്.

## സംഭാവന നല്കിയവർ

| | | |
|---|---|---|
| 1 | Mr. Sebastian John Machiyanickal, Chalakudy | 12,000 |
| 2 | C.V. Wilson & Alice Wilson Chukkiriyan, IJK. | 24,000 |
| 3 | Gitto John T. Thommana, Thazhekad | 5,000 |
| 4 | Rev. Sr. Superior & Com. Maria Bhavan Schoenstatt, IJK. | 5,000 |
| 5 | Alappatt George Vincent Edathiruthy | 12,000 |
| 6 | Mr. Joby Kannookadan | 13,420 |
| 7 | Pullokkaran John Paul, Parappukkara | 7,000 |
| 8 | OMPH Church W. Chalakudy | 10,000 |
| 9 | Rev. Fr. Vicar & Parishioners of Holy Family Church, Vellikulangara | 12,000 |
| 10 | Members of Kanichai family Concord, Vynthala | 60,000 |
| 11 | Director & Members of the Kanichai Thomas Jose Educational Charitable Trust, Vynthala | 5,0001 |
| 12 | Karippai Ouseph Davis S. Kuttikad | 12,000 |
| 13 | Palathingal Poulose Jose, Kattoor | 5,000 |
| 14 | Panthallookaran Lonappan Sons, Kodakara | 10,000 |
| 15 | P.P. Shoji Padamadan, Mala | 12,000 |
| 16 | Mr. Vigil Powel Alappatt, Kattoor | 12,000 |
| 17 | Rev. Fr. Vicar & Parishioners of Sacred Heart Church, Snehagiri | 10,000 |
| 18 | Principal Vimal Jyothi Central School, Mupliyam | 5,000 |
| 19 | Rev. Fr. Vicar & Parishioners Kuzhikkattussery Church | 10,000 |
| 20 | Rev. Fr. Jose Chittilappilly CMI | 25,000 |
| 21 | St. Antony's E.M. School, Karottukara, Puthenvelikara | 5,000 |
| 22 | Mrs. Sheela Jose, Dubai | 10,000 |
| 23 | Tinu Jiby, Neendoor, Kattoor | 6,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി




**1 വെരി. റവ. ഡോ. ജോർജ്ജ് മഠത്തികണ്ടത്തിൽ – കോതമംഗലം മെത്രാൻ**

കോതമംഗലം രൂപതയുടെ പുതിയ മെത്രാനായി വെരി. റവ. ഡോ. ജോർജ്ജ് മഠത്തികണ്ടത്തിലിനെ നിയമിച്ചു. സീറോമലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂരിയ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ ജനുവരി 10–ന് പുതിയ മെത്രാന്റെ നിയമന വിവരം പ്രഖ്യാപിച്ചു. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി നിയുക്ത മെത്രാനെ ഔദ്യോഗിക സ്ഥാന ചിഹ്നങ്ങൾ അണിയിച്ചു. കോതമംഗലം മെത്രാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പൂച്ചെണ്ട് നൽകി അഭിനന്ദിച്ചു. മെത്രാഭിഷേകവും സ്ഥാനാരോഹണവും ഫെബ്രുവരി 9–ന് കോതമംഗലത്ത്വച്ച് നടക്കും.

**2 കൂടുതൽ അല്മായ പങ്കാളിത്തം – സിനഡ്**

സഭയിലെ അല്മായ പങ്കാളിത്തം വർദ്ധിപ്പിക്കാനും അല്മായ സംഘടനയായ എ.കെ.സി.സി.യെ ശക്തിപ്പെടുത്താനും മാധ്യമരംഗത്ത് കുറെക്കൂടി സജീവമായി പ്രവർത്തിക്കാനും സീറോമലബാർ സഭാസിനഡ് ഈയിടെ തീരുമാനിച്ചു. വിശുദ്ധരുടെ നാമകരണ നടപടികളെ സഹായിക്കാൻ സഭാതലത്തിൽ ഒരു പോസ്റ്റുലേറ്റർ ജനറലിനെ നിയമിക്കാൻ സിനഡ് നിശ്ചയിച്ചു. വെരി റവ. ഫാ. കനീസിയൂസ് സി.എം.ഐയുടെ നാമകരണ നടപടികൾക്ക് ആരംഭം കുറിക്കുവാൻ സിനഡ് അനുവാദം നൽകി. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജനുവരി 7 മുതൽ 11 വരെ തീയതികളിൽ സമ്മേളിച്ച സിനഡിലാണ് പ്രസ്തുത തീരുമാനങ്ങളുണ്ടായത്. 46 മെത്രാന്മാർ സിനഡിൽ പങ്കെടുത്തു. മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 1950–ാം വർഷജൂബിലിയുടെ പശ്ചാത്തലത്തിൽ ജൂലൈ 3–ന് ദുക്റാന ദിനാചരണം സഭാതലത്തിൽ മൗണ്ട് സെന്റ് തോമസിൽ കൂടുതൽ പങ്കാളിത്തത്തോടെ ആചരിക്കുവാൻ തീരുമാനിച്ചു. അന്നേദിവസം സഭയിലെ അവാർഡുകൾ വിതരണം ചെയ്യുന്നതായിരിക്കും. തൃശ്ശൂർ അതിരൂപതയിലെ പി.ഐ. ലാസ്സർ മാസ്റ്റർ, പ്രൊഫ. എലിസബത്ത് മാത്യു എന്നിവർക്ക് സഭാതാരം അവാർഡുകൾ നൽകും. ഇംഗ്ലീഷിലുള്ള യാമപ്രാർത്ഥനക്രമം സിനഡ് സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

3 **കെ.സി.ബി.സി. മാധ്യമ അവാർഡുകൾ**

കേരള കാത്തലിക് ബിഷപ്പ് കൗൺസിലിന്റെ 2012–ലെ അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡ് ജേതാക്കൾ താഴെ പറയുന്നവരാണ്. സാഹിത്യ അവാർഡ് : സെബാസ്റ്റ്യൻ പള്ളിത്തോട്, മാധ്യമ അവാർഡ് : ബെന്നി പി. നായരമ്പലം, ദാർശനിക വൈജ്ഞാനിക അവാർഡ് : ഫാ. ആൽബർട്ട് നമ്പ്യാപറമ്പിൽ, യുവപ്രതിഭാ പുരസ്കാരം ഗായകൻ : ഫ്രാങ്കോ സൈമൺ, സംസ്കൃതി പുരസ്കാരം : വിജയലക്ഷ്മി, ഗുരുപൂജ പുരസ്കാരങ്ങൾ : ഫാ. ജോസ് തച്ചിൽ, ജോസഫ് വൈറ്റില, പ്രൊഫ. കെ. ജെ. എസ്. ക്ലീറ്റസ്.

4 **മൂല്യാധിഷ്ഠിത സമൂഹത്തിന്റെ പ്രസക്തി**

മൂല്യാധിഷ്ഠിത സമൂഹത്തിനു മാത്രമേ ദൈവത്തിന്റെ ഇടപെടലുകൾ തിരിച്ചറിയാൻ കഴിയുകയുള്ളുവെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് അനുസ്മരിപ്പിച്ചു. ജീസസ് യൂത്ത് സംസ്ഥാനതലത്തിൽ ഭരണങ്ങാനത്ത് സംഘടിപ്പിച്ച യുവജനസംഗമം – ഗൗദിയും ഫിദേയി–ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കുടുംബബന്ധങ്ങൾ തകർന്നാൽ അത് മൂല്യത്തകർച്ചയിലേക്കും രാഷ്ട്രത്തിന്റെ തകർച്ചയിലേക്കും പരസ്പരമുള്ള അകൽച്ചയിലേക്കും നയിക്കുമെന്നത് യുവജനങ്ങൾ തിരിച്ചറിയണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

5 **എറണാകുളം ബസിലിക്കായുടെ ഒമ്പതാം ശതാബ്ദിയാഘോഷം**

എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയുടെ ശതാബ്ദി ആഘോഷം വിവിധ പരിപാടികളോടെ വർണ്ണാഭമായി സമാപിച്ചു. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച കൃതജ്ഞതാബലിയിൽ അഭിവന്ദ്യ പിതാക്കന്മാരും നൂറുകണക്കിന് വൈദികരും സന്യസ്തരും അനേകായിരം അല്മായരും പങ്കുചേർന്നു. വരാപ്പുഴ ആർച്ചുബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ജൂബിലി സ്മാരകമായി നിർമ്മിച്ച ഗ്രോട്ടോ, മേദർ ആർച്ചുബിഷപ്പ് ആശീർവ്വദിച്ചു.

6 **ഗാഡ്ഗിൽ റിപ്പോർട്ട് തള്ളിക്കളയണം – കെ.സി.ബി.സി.**

പശ്ചിമഘട്ട മലനിരയിൽ നൂറ്റാണ്ടുകളായി അധിവസിക്കുന്നവരുടെ ജീവിതവും ഭാവിയും ദുസ്സഹമാക്കുന്ന പ്രൊഫ്. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് പാടേ തള്ളിക്കളയണമെന്ന് കെ.സി.ബി.സി. സമ്മേളനം ഈയിടെ ആവശ്യപ്പെട്ടു. കെ.സി.ബി.സി. പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. മീഡിയ കമ്മീഷൻ സെക്രട്ടറിയായി ഇരിങ്ങാലക്കുട രൂപതാംഗമായ റവ. ഫാ. ജോളി വടക്കനെ നിയമിച്ചു.

**റവ. ഡോ. ആന്റണി മഞ്ഞളി**

1. **വാർഷിക പരീക്ഷ :** X, XI, XII ക്ലാസ്സുകളിലെ വാർഷികപരീക്ഷ ഫെബ്രുവരി 3 ഞായർ 2-4 pm വരെ. VI, VII, VIII, IX ഫെബ്രു. 10 ഞായർ 2-4pm വരെ. I, II, III, IV, V ഫെബ്രു. 17 ഞായർ 2-4pmവരെ.
2. **X, XII വാർഷിക പരീക്ഷ നിർദ്ദേശങ്ങൾ :** X, XII ക്ലാസ്സുകളിലെ പരീക്ഷയുടെ മേൽനോട്ടം വഹിക്കുന്നതിന് അദ്ധ്യാപകരെ നിശ്ചയിച്ചിട്ടുള്ള നിയമനപത്രം പള്ളികളിലേക്ക് നൽകിയിട്ടുണ്ട്. പരീക്ഷദിനത്തിൽ നിയോഗിക്കപ്പെട്ട സ്ഥലത്തേയ്ക്ക് അവരെ അയക്കണമെന്ന് താല്പര്യപ്പെടുന്നു. പരീക്ഷ കഴിഞ്ഞാലുടൻ രൂപതാമതബോധനകേന്ദ്രത്തിൽ ഉത്തരക്കടലാസുകളും രജിസ്ട്രേഷൻ ഷീറ്റും ബാഗിനോടൊപ്പം തിരിച്ചു ഏല്പിക്കേണ്ടതാണ്. ഉത്തരക്കടലാസിന്റെ ഫ്രണ്ട് ഷീറ്റിൽ മാത്രമെ രജിസ്ട്രേഷൻ നമ്പർ എഴുതേണ്ടതുള്ളൂ. മറ്റു പേജുകളിൽ പള്ളിയുടെ സീലോ, രജിസ്ട്രേഷൻ നമ്പറോ എഴുതരുത്.

   NB: സ്പെഷ്യൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ള കുട്ടികളുടെ ഉത്തരക്കടലാസ് ഒരു Seperate Cover-ൽ Special registration എന്ന് കവറിനു മുകളിൽ എഴുതി കൊടുത്തുവിടേണ്ടതാണ്.
3. **കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് :** X, XII ക്ലാസ്സുകളിലെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിന്റെ പ്രഥമഘട്ടം ഫെബ്രുവരി 16, 17 തിയ്യതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. X, XII ക്ലാസ്സുകളിലെ അദ്ധ്യാപകരെയും കഴിവും സമ്മതവുമുള്ള മറ്റു അദ്ധ്യാപകരെയും മൂല്യനിർണ്ണയത്തിനു പ്രതീക്ഷിക്കുന്നു. ഓരോ യൂണിറ്റിൽനിന്നും വരുന്ന അദ്ധ്യാപകരുടെ എണ്ണം വികാരിയച്ചനുമായി ആലോചിച്ച് മതബോധനകേന്ദ്രത്തിൽ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു. സഹകരിക്കുമല്ലോ.
4. **മതാദ്ധ്യാപക പരീക്ഷ** : ഫെബ്രുവരി 24 ഞായറാഴ്ച 11 am മുതൽ 12.30 pm വരെ. എല്ലാ മതാദ്ധ്യാപകരും അതിന്റെ പ്രാധാന്യവും ഗൗരവവും ഉൾക്കൊണ്ട് പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. ഉത്തരക്കടലാസുകൾ മതബോധനകേന്ദ്രത്തിൽ 25–ാം തിയ്യതി തന്നെ എത്തിക്കേണ്ടതാണ്. 80%ത്തിൽ കൂടുതൽ മാർക്ക് നേടുന്നവർക്ക് വിദ്യാജ്യോതിയിൽവച്ച് മത്സരപരീക്ഷ നടത്തുന്നതായിരിക്കും.
5. **പ്രധാനാദ്ധ്യാപക സമ്മേളനം :** ഫെബ്രുവരി 2–ാം തിയ്യതി ശനിയാഴ്ച 10am-2pm വരെ.

   NB: എല്ലാ വാർഷിക പരീക്ഷാ ചോദ്യപേപ്പറുകൾ അന്നേദിനം കൊണ്ടുപോകാവുന്നതാണ്. നിശ്ചിത തീയതിയിലും സമയത്തും തന്നെ എല്ലാ യൂണിറ്റുകളിലും പരീക്ഷ നടത്തേണ്ടതാണ്.

6 **ഗ്രെയ്സ് ഫെസ്റ്റ് 2013 :** ഏപ്രിൽ 2 മുതൽ 6 വരെയോ, ഏപ്രിൽ 8–12 വരെയോ നടത്താവുന്നതാണ്. 4 വിഭാഗങ്ങൾക്കുമുള്ള വർക്ക്ബുക്കും, അദ്ധ്യാപകർക്കുള്ള ഹാൻഡ് ബുക്കും നേരത്തെ ഓർഡർ ചെയ്യേണ്ടതാണ്. ഫെബ്രുവരി 20–ാം തിയ്യതിക്കുള്ളിൽ അറിയിക്കേണ്ടതാണ്. ഓർഡർ ചെയ്തവർക്കു മാത്രമേ ബുക്കുകൾ ലഭിക്കുകയുള്ളൂ. അതിനുശേഷം ബുദ്ധിമുട്ടായിരിക്കും പ്രത്യേകം സഹകരിക്കുമല്ലോ.

7 **സ്കോളർഷിപ്പ് :** ഏപ്രിൽ 15 തിങ്കളാഴ്ച ഇരിങ്ങാലക്കുട, ചാലക്കുടി, മാള മേഖലകളിൽവെച്ച് നടത്തുന്നു. സൺഡേസ്കൂൾ മതബോധനം IV VII ക്ലാസ്സുകാർക്കും, വചനം എന്റെ ജീവൻ V, VI, VIII, IX ക്ലാസ്സുകാർക്കും ആയിരിക്കും പരീക്ഷ. ഓരോ യൂണിറ്റിൽനിന്ന് 60%ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് കുട്ടികൾക്കും 'വചനം എന്റെ ജീവൻ' ഏറ്റവും നന്നായി ചെയ്ത മൂന്ന് കുട്ടികൾക്കും വീതമാണ് പരീക്ഷയിൽ പങ്കെടുക്കാൻ യോഗ്യതയുള്ളത്. സ്കോളർഷിപ്പ് പരീക്ഷയുടെ രജിസ്ട്രേഷൻ മാർച്ച് 1–ാം തീയതി മുതൽ 15–ാം തീയതിവരെയായിരിക്കും.

8 **ബൈബിൾ കലോത്സവം :** POC തൃശ്ശൂർ വിമല കോളേജിൽ വച്ചു നടത്തിയ സംസ്ഥാനതല ബൈബിൾ കലോത്സവത്തിൽ ബൈബിൾ ക്വിസ് സീനിയർ വിഭാഗത്തിൽ 2–ാം സ്ഥാനം കരസ്ഥമാക്കിയ ക്രൈസ്റ്റ് യൂണിറ്റിലെ ഐശ്വര്യ ജെയിംസ് & അഞ്ജലി ജോബി പോളിനും പ്രസംഗമത്സരത്തിൽ സീനിയർ വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ക്രൈസ്റ്റ് യൂണിറ്റിലെ സ്നേഹ ജോണിക്കും ലളിതഗാനം ജൂനിയർ വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ കല്ലേറ്റുംകര ഇടവകയിലെ അഷിൻ വർഗ്ഗീസിനും ഇരിങ്ങാലക്കുട രൂപതയുടെ പ്രത്യേകം അഭിനന്ദനങ്ങൾ



സ്നേഹ ജോണി
പ്രസംഗം സീനിയർ
IInd





ഐശ്വര്യ ജെയിംസ് &
അഞ്ജലി ജോബി പോൾ
ബൈബിൾ ക്വിസ്
IInd



അഷിൻ വർഗ്ഗീസ്
ലളിതഗാനം ജൂനിയർ
IInd

9 **വിശ്വാസവർഷത്തിൽ വിശുദ്ധനാട് തീർത്ഥാടനം**

നമ്മുടെ രൂപതയുടെ ബൈബിൾ അപ്പസ്തോലെറ്റിന്റെ നേതൃത്വത്തിൽ **ഏപ്രിൽ 1 മുതൽ 10 വരെ വിശുദ്ധനാട് സന്ദർശനം നടത്തുന്നു.** നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ കർത്താവിന്റെ ജനനം, മരണം, ഉത്ഥാനം തുടങ്ങിയ രക്ഷാകരസംഭവങ്ങൾ നടന്ന പുണ്യസ്ഥലങ്ങൾ സന്ദർശിക്കാനും അനുഗ്രഹം പ്രാപിക്കാനും വിശ്വാസം ആഴപ്പെടാനുമുള്ള അവസരം. പോകാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.

## DAILY CATECHISM & MORAL SCIENCE

1 **സ്കൂൾ മതസന്മാർഗ്ഗബോധന സ്കോളർഷിപ്പ് പരീക്ഷ**

Std IV, VII, X, XII ക്ലാസ്സുകളിലെ സ്കോളർഷിപ്പ് രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയ്യതി മാർച്ച് 16 ശനിയാഴ്ച വരെയായിരിക്കും. സ്കോളർഷിപ്പ് ഫോം 2 കോപ്പി വീതം ഇംഗ്ലീഷ് Capital Letter-ൽ പൂരിപ്പിച്ച് മതബോധന കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്. വാർഷിക പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച 3 കുട്ടികൾക്കേ അർഹതയുള്ളൂ. പരീക്ഷ ഏപ്രിൽ 17 ബുധൻ. സമയം 10.00 am–12 pm.

പരീക്ഷ നടത്തുന്ന മേഖലകൾ :

ലിറ്റിൽ ഫ്ളവർ സ്കൂൾ, ഇരിങ്ങാലക്കുട, എസ്.എച്ച് സ്കൂൾ, ചാലക്കുടി സെന്റ് ആന്റണീസ് സ്കൂൾ, മാള.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## പുതിയ ഫോൺ നമ്പറുകൾ

1. Fr. Anto Parekkadan .................... 9846532215
2. Fr. Davis Kudiyirickal .................... 9645547720
3. Fr. Varghese Konthuruthy .................... 9447379955
4. Fr. Leslin Cheruparambil .................... 8943851311
5. Fr. Joseph Maliekal .................... 9495592270
6. Fr. Melwin Perepadan .................... 9847193519
7. Fr. Joseph Kizhakumthala .................... 8547616334
8. Fr. Bivin Kalambanadan .................... 9744704627
9. Fr. Sebin Edattukaran .................... 9946514371
10. Fr. Sinu Arimbooparambil .................... 9747418554
11. St. Antony's Church, Kottat .................... 0480-2712647
12. St. Joseph's Church, Vynthala .................... 0480-2770060

# സോഷ്യൽ ആക്ഷൻ

1 ഫെബ്രുവരി 4 മുതൽ സോഷ്യൽ ആക്ഷൻ നേതൃത്വത്തിലുള്ള 125 JLG വനിതാ കർഷക ഗ്രൂപ്പുകൾക്ക് നൽകിയ വായ്പാ പദ്ധതിപ്രകാരം നടത്തിയ കൃഷിയിടങ്ങൾ സന്ദർശിച്ച് വില യിരുത്തുന്നു.

2 ഫെബ്രുവരി 4–ന് ലോക കാൻസർ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററുമായി സഹകരിച്ച് സോഷ്യൽഫോറം ഓഡിറ്റോറിയത്തിൽവച്ച് കാൻസർ നിർണ്ണയ പരിശോധന ക്യാമ്പ് ഇരിങ്ങാലക്കുട മേഖല വനിതാഗ്രാമശ്രീ അംഗങ്ങൾക്കായി.

3 ഫെബ്രുവരി 4–ന് രാവിലെ 10 മണിക്ക് സോഷ്യൽ ഫോറം ഓഡിറ്റോറിയത്തിൽവച്ച് UMMI-യുടെ സാമ്പത്തിക പങ്കാളിത്തത്തോടെ 16 വയസ്സിന് താഴെയുള്ള 14 കുട്ടികളുടെ ഹൃദയ/ കിഡ്നി ശസ്ത്രക്രിയകൾക്കായി 2,40,635 രൂപയുടെ സഹായ ധന വിതരണം.

4 ഫെബ്രുവരി 13–ന് 'മഴവില്ല്' പദ്ധതിയുടെ ഭാഗമായി ആളൂർ മേരി മാത ഷേൺസാറ്റ് അക്കാദമിയിൽ Career Guidance class ഉച്ചക്ക് 1.30ന്.

5 ഫെബ്രുവരി 16–ന് SAFI പദ്ധതി ഗുണഭോക്താക്കൾക്കായി സ്നേഹസംഗമം 2013 ചാലക്കുടി ഫൊറോന പാരിഷ്ഹാളിൽവച്ച്.

6 ഫെബ്രുവരി 18–ന് ഇരിങ്ങാലക്കുട സംഗമേശ്വര EMHS-ൽ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ മണ്ണുത്തിയുമായി സഹകരിച്ച് +1, +2 വിദ്യാർത്ഥികൾക്കായി Personality Development-ൽ ബോധവൽക്കരണ ക്ലാസ്സ്.

7. ദേശീയ വനിതാദിനമായ മാർച്ച് 8 വിപുലമായ പരിപാടികളോടെ ഗ്രാമശ്രീ, JLG ഗ്രൂപ്പുകളിലെ അംഗങ്ങളുടെ നേതൃത്വത്തിൽ സോഷ്യൽഫോറം ഓഡിറ്റോറിയത്തിൽവച്ച് നടത്തുന്നു.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

## ഫെബ്രുവരി മാസത്തിൽ ജന്മദിനം ആഘോഷിക്കുന്ന വൈദികർ

**<u>Birth Days</u>**

February 1
Rev. Fr. Feby Pulickan

February 2
Rev. Fr. Davis (Riju) Pynadath
Rev. Fr. Thomas Velakkanadan

February 4
Rev. Fr. James Kavalakatt
Rev. Fr. Binoy Thomas Nereparambil

February 5
Rev. Fr. Benjamin Chirayath
V. Rev. Fr. Jos Kavunkal

February 8
Rev. Fr. Manoj Karippai

February 9
Rev. Fr. John Kavalakatt (Jr.)
Rev. Fr. Joy Tharackal

February 11
Rev. Fr. Sinu Arimbooparambil

February 13
Rev. Fr. Ajith Cheriakara

February 15
Rev. Fr. Rinto Kodiyan

February 18
Rev. Fr. Jose Maniparambil

February 19
Rev. Fr. Nixon Chakkorya

February 21
Rev. Fr. Sebastian Vazhappilly

February 24
Rev. Fr. Joseph V. Chittilappilly

February 26
Rev. Fr. John Thekkekara Melepuram

February 27
Rev. Fr. Sinto Chittilappilly
Rev. Fr. Anto Chungath

## പാക്സ്

**ഫെബ്രുവരി**

1. പ്രീകാന 4, 5, 6
2. കുടുംബകൂട്ടായ്മ
   9–ന് ജനറൽ ബോഡി യോഗം സമയം : 2.30 pm–4.30 pm
   പങ്കെടുക്കേണ്ടവർ : കേന്ദ്രസമിതി പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ
3. കപ്യാർമാരുടെ ധ്യാനം 14, 15

4 യൂത്ത് അസംബ്ലി 21–24

5 യൂത്ത് അസംബ്ലി ആലോചനാ യോഗം 3ന്

6 യുവജന ധ്യാനം – പരിയാരം പള്ളി

**ഫാ. പോളി പടയാട്ടി**
ഡയറക്ടർ

# അവാർഡ്

## I Spiritual Renewal Day

ബഹു. വൈദികർക്കും സിസ്റ്റേഴ്സിനുമുള്ള മാസധ്യാനം ഫെബ്രുവരി 1–ന് വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ 4 മണി വരെ പരിയാരം CSR-ൽവച്ച് നടത്തപ്പെടുന്നു.

## 2 AVARAD Team Meeting

ജനുവരി മാസത്തിലെ പ്രവർത്തനങ്ങൾ അവതരിപ്പിച്ച് അവ വിലയിരുത്തുന്നതിനും ടീമിന് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നതിനും, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സംക്ഷിപ്തമായി അവതരിപ്പിക്കുന്നതിനും ഫെബ്രുവരി 6–ന് ടീം അവാർഡിൽ ഒത്തുചേരുന്നു.

## 3 Participatory Monitoring & Evaluation

ടീം അടിസ്ഥാനത്തിൽ ഓരോ ടീമിലെയും അംഗങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും വ്യക്തിഗത പ്ലാനുകൾ അവതരിപ്പിച്ച് അവ ചർച്ച ചെയ്ത് വേണ്ടത്ര നിർദ്ദേശങ്ങൾ നൽകുന്നതിനും എല്ലാ ടീമുകളും ഫെബ്രുവരി 24–ന് അവാർഡിൽ കൂടുന്നു

## 4 Year Plan Presentation

2013–14 സാമ്പത്തിക വർഷത്തേക്ക് അവാർഡ് വിഭാവനം ചെയ്തിരിക്കുന്ന കർമ്മപരിപാടികൾ ബജറ്റും കാലയളവും ഉൾപ്പെടുത്തി ഓരോ കോർ ടീമും പ്രവർത്തന കലണ്ടർ തയ്യാറാക്കി മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നു.

## II. Family Development Department

1 **School-College-ITI level Councelling :-** ചൊവ്വ മുതൽ വെള്ളി വരെ 4 ദിവസങ്ങളിലായി ചാലക്കുടി ITI, S.H കോളേജ്, ഗവ. ബോയ്സ് സ്കൂൾ, കൊടകര ആളൂർ, പരിയാരം, കുറ്റിക്കാട്, മേലൂർ, കൊരട്ടി, തലക്കോട്ടുകര, മനക്കുളങ്ങര എന്നിവിടങ്ങളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി കൗൺസലിങ്ങും, 'വിദ്യാഭ്യാസവും ജീവിതവും' എന്ന വിഷയത്തെ ആസ്പദമാക്കി ബോധവൽക്കരണ ക്ലാസ്സുകളും നടത്തപ്പെടുന്നു.

2 **Counselling-** വിവിധ മാനസിക കുടുംബപ്രശ്നങ്ങളുമായി വലയുന്നവർക്ക് വിദഗ്ദരായ കൗൺസിലർമാരുടെ സൗജന്യ സേവനം അവാർഡിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭ്യമാക്കുന്നു.

2 **Legal Advice :-** കുടുംബപ്രശ്നങ്ങളുമായി വലയുന്നവർക്ക് ലീഗൽ അഡ്വൈസറുടെ സൗജന്യസേവനം തിങ്കൾ, ബുധൻ വെള്ളി ദിവസങ്ങളിൽ അവാർഡിൽ ലഭ്യമാകുന്നു.

**III. Community Based Rehabilitation Prog.**

1 **വികലാംഗ പുനരധിവാസ പദ്ധതി :** അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന സർഗ്ഗ അംഗങ്ങളിൽ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് എല്ലാ വെള്ളിയാഴ്ച ദിവസങ്ങളിലും വിദ്യാഭ്യാസ ചികിത്സാസഹായം വിതരണം ചെയ്യുന്നു.

2 **'ഞങ്ങളുണ്ട് കൂടെ'** അവാർഡിന്റെ സർഗ്ഗകളിലെ നിരാലംബരായിട്ടുള്ള 12 പരാശ്രിത കുടുംബങ്ങൾക്ക് മാസംതോറും ഭക്ഷ്യോൽപ്പന്നങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുന്നു.

3 **Physio-Speech Therapy :-** എല്ലാ പ്രവൃത്തി ദിവസങ്ങളിലും അവാർഡിൽ ഫിസിയോ തെറാപ്പിയും സ്പീച്ച് തെറാപ്പിയും നടത്തപ്പെടുന്നു.

4 **Baseline Data collection :** കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ ശാരീരിക-മാനസിക വ്യതിരിക്തത അനുഭവിക്കുന്നവരുടെ അടിസ്ഥാന വിവരശേഖരണം അവാർഡ് നടത്തുന്നു.

**IV Research and Training Dept. :-**

1 **Block Placement :** കോഴിക്കോട് LISSAH കോളേജിൽനിന്ന് 2 BSW വിദ്യാർത്ഥിനികളും, പെരുമ്പാവൂർ ശ്രീ. ജയ് ഭാരത് കോളേജിൽനിന്ന് 2 MSW വിദ്യാർത്ഥിനികളും അവരുടെ placement അവാർഡിൽ നടത്തുന്നു.

2 **Reserach & Study :** പെരുമ്പാവൂർ ജയ് ഭാരത് കോളേജിൽനിന്ന് ഒരു വിദ്യാർത്ഥി അവാർഡിന്റെ സർഗ്ഗകളിൽ "അന്ധതയും സമൂഹ കാഴ്ചപ്പാടും" എന്നതിനെ ആസ്പദമാക്കി പഠനം നടത്തുന്നു.

**V. Community Based Organization**

1 **Assessment :-** അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി, മറ്റത്തൂർ, വരന്തരപ്പിള്ളി എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിലെയും അവാർഡിന്റെ നേതൃത്വത്തിലുള്ള ദേശം വികസന സംഘടനകൾ ഉപസംഘടനകളുടെ അസസ്സ്മെന്റ് നടത്തുന്നു.

**VI. Agriculture Department**

A **WGDP :** വേളൂക്കര പുത്തൻചിറ ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന അരീക്കൽതോട് നീർത്തടപദ്ധതിയുടെ ഭാഗമായി 2013-14 വർഷത്തെ 25,81,295 രൂപക്കുള്ള വിവിധ സ്കീമുകൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനായി സമർപ്പിക്കുന്നു.

B. **KRWSA :** എളവള്ളി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പ്രവർത്തങ്ങളുടെ ഭാഗമായി 63 BG കളുടെ ഭാരവാഹികൾക്കായി അക്കൗണ്ടിംഗ്, ലീഡർഷിപ്പ് എന്നിവകളെക്കുറിച്ച് ബോധവൽക്കരണ സെമിനാർ നടത്തപ്പെടുന്നു.

**ഫാ. ജോസ് അമ്പൂക്കൻ**
എക്സി. ഡയറക്ടർ

# സി.എൽ.സി.

**ഇലക്ഷൻ ക്യാമ്പ് :** ഇരിങ്ങാലക്കുട രൂപത സിഎൽസി ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഡയറക്ടർ ഫാ. റിജു പൈനാടത്തിന്റെ അധ്യക്ഷതയിൽ ഡിസംബർ 23 ന് ആളൂർ മാർത്തോമ സെന്ററിൽ നടന്നു. മുൻ രൂപത സിഎൽസി ഡയറക്ടർ ഫാ. ജോയ് തറക്കൽ ക്ലാസ് നയിച്ചു. പ്രസിഡന്റ്–സൈമൺ പുല്ലോക്കാരൻ (പറപ്പൂക്കര), സെക്രട്ടറി–ഷോബി കെ. പോൾ (കത്തീഡ്രൽ), ട്രഷറർ–സിജോ വെള്ളാനിക്കാരൻ (പുല്ലൂർ), വൈ. പ്രസിഡന്റുമാർ : സിറിൽ ആന്റണി (കുറ്റിക്കാട്), ക്രിസ്റ്റി തോമസ് (കത്തീഡ്രൽ), റിന്റോ ജോസഫ് (തേശേരി), ജോ. സെക്രട്ടറിമാർ–പോൾവിൻ തോമസ് (വൈന്തല), ടിങ്കിൾ ജോയ് (പോട്ട), റിയ ജോസ് (കുറ്റിക്കാട്), ഓർഗനൈസർ–ലൈജു പൊട്ടത്തുപറമ്പിൽ (പോട്ട), മരിയൻ പ്രയാണം എഡിറ്റർ–ജെറിൻ ജോൺസൻ (നോർത്ത് ചാലക്കുടി) മരിയൻ പ്രയാണം സബ്ബ് എഡിറ്റർ–ലിയ സ്റ്റാൻലി (പുല്ലൂർ).

**ഫീദെ 2012 :** ജൂനിയർ സി.എൽ.സി.യുടെ നേതൃത്വത്തിൽ മതബോധനം 8–ാം ക്ലാസ് തുടങ്ങി 12–ാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കായി ഫീദെ 2012 എന്ന പേരിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. വിജയികൾക്ക് യഥാക്രമം 3333 രൂപ, 2222/–, 1111/–, 777/–, 555/– എന്നിങ്ങനെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് തുടങ്ങി 10–ാം സ്ഥാനം വരെയുള്ളവർക്ക് ക്യാഷ് അവാർഡുകളാണ് സമ്മാനിച്ചത്. യൂത്ത് ഡയറക്ടർ ഫാ. നിക്സൻ ചാകോര്യ ക്വിസ് മൽസരം ഉദ്ഘാടനം ചെയ്തു. ഫാ. ജോമി തോട്ടിയാൻ ക്വിസ് മൽസരത്തിന് നേതൃത്വം നൽകി. 64 ഇടവകകളിൽനിന്നും 225 ടീമുകളിലായി 450 പേരാണ് ക്വിസ് മത്സരത്തിൽ പങ്കെടുത്തത്. 1 മുതൽ 10 വരെയുള്ള സ്ഥാനങ്ങൾ നേടിയവർ യഥാക്രമം: 1) റിയ മോൾ റൊണാൾഡ്, അന്ന കുരിയൻ (പുത്തൻചിറ ഫൊറോന), 2). ജെസ്ലിയ ജോസ്, നീതുജോസ് (കുമ്പിടി), 3). ഏബിൾ ആന്റണി, റോസ്മേരി ജോണി (ആനത്തടം), 4). ഏയ്ഞ്ചൽ കെ.ആർ, ജീന ജോയ് (പുത്തൻവേലിക്കര) 5). ജിതു. വി.ജെ., റിബിൻ വർഗീസ് (പുത്തൻവേലിക്കര), 6). അനു തോമസ്, അനുഷ റിജി (കല്ലൂർ), 7). ജിസ്ന ജോൺസൺ, ജെറിൻ കെ. റോയ് (പോട്ട), 8). വിവിൻ ഫ്രാൻസിസ്, പാട്രിക് പോൾ (വെളയനാട്), 9). സിമിനി സ്റ്റീഫൻ, അനഘ ജോയ് (നടവരമ്പ്), 10). ദിൽന ജോർജ്, ജിൽസ ജോർജ് (കൊന്നക്കുഴി). വിജയികൾക്കുള്ള സമ്മാനദാനം ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളെജിൽ നടന്ന യുവജന കൺവൻഷനിൽവച്ച് ഇരിങ്ങാലക്കുട എസ്. ഐ അനിൽകുമാർ ടി. മേപ്പുള്ളി നിർവഹിച്ചു.

**ഫാ. റിജു പൈനാടത്ത്**, ഡയറക്ടർ

## ബി. എൽ. എം. ധ്യാനകേന്ദ്രം

**ധ്യാനകേന്ദ്രത്തിലെ ഫെബ്രുവരി മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ**

| | | |
|---|---|---|
| 7, 8, 9, 10 | : | യുവജനധ്യാനം |
| 14, 15, 16, 17 | : | ആന്തരികസൗഖ്യധ്യാനം |
| 21, 22, 23, 24 | : | ആന്തരികസൗഖ്യധ്യാനം |
| 28, 1, 2, 3 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |

**മറ്റ് ശുശ്രൂഷകൾ**

* **ഏകദിന കൺവെൻഷൻ**
  എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മുതൽ വൈകീട്ട് 3.30 വരെ.
* **വിധവകളുടെ ഏകദിനധ്യാനം**
  രണ്ടാം തിങ്കളാഴ്ച (11. 02. 2013) രാവിലെ 10 മുതൽ വൈകീട്ട് 3.30 വരെ.
* **ഏകസ്ഥരുടെ ഏകദിനധ്യാനം**
  മൂന്നാം തിങ്കളാഴ്ച (18. 02. 2013) രാവിലെ 10 മുതൽ വൈകീട്ട് 3.00 വരെ.
* **ജാഗരണ പ്രാർത്ഥന**
  രണ്ടാം ചൊവ്വാഴ്ച (12. 02. 2013) വൈകീട്ട് 6 മുതൽ ബുധനാഴ്ച രാവിലെ 6 വരെ.

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

---

## നവചൈതന്യ

**ഫെബ്രുവരി 2013**

| | | |
|---|---|---|
| 3 | : | ആദ്യഞായർ കൂട്ടായ്മ, ഫോളോ അപ്പ് സെമിനാർ, NARF മീറ്റിംഗ് |
| 6 | : | പ്രാർത്ഥനാദിനം, സ്റ്റാഫ് മീറ്റിംഗ് |
| 9–16 | : | ലഹരിമോചന പരിശീലനക്യാമ്പ് |
| 10 | : | ജാഗരണപ്രാർത്ഥന |
| 11 | : | എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| 16 | : | ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗ് |
| 25–27 | : | ഫീൽഡ് വിസിറ്റ് |
| 28 | : | ഔട്ട്റീച്ച് പ്രോഗ്രാം |

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

## വൊക്കേഷൻ ബ്യൂറോ

**ഗ്രെയ്സ് ഫെസ്റ്റ്**

ഏപ്രിൽ 1 മുതൽ 13 വരെയുള്ള രണ്ടാഴ്ചകളിലാണ് നമ്മുടെ ഇടവകകളിൽ ഗ്രെയ്സ് ഫെസ്റ്റ് നടക്കുന്നത്. ബ്രദേഴ്സിന്റെ സഹായം ആവശ്യമുള്ള ഇടവകകൾ മൈനർ സെമിനാരിയുമായി ബന്ധപ്പെടുക.

**യൂത്ത് ക്യാമ്പ്**

ഇരിങ്ങാലക്കുട രൂപതയിലെ മേജർ സെമിനാരിക്കാരുടെ നേതൃത്വത്തിൽ ഏപ്രിൽ 28 മുതൽ മെയ് 14 വരെയുള്ള ദിവസങ്ങളിൽ യുവജനങ്ങൾക്കായി ക്യാമ്പ് നടത്തുവാൻ ആഗ്രഹമുള്ളവർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുക.

**ജീവിതമാർഗ്ഗദർശന ക്യാമ്പ്**

ആൺകുട്ടികൾക്കായുള്ള ഈ വർഷത്തെ ജീവിതമാർഗ്ഗദർശന ക്യാമ്പ് 2013 മാർച്ച് 25, 26, 27 തിയ്യതികളിൽ മൈനർ സെമിനാരിയിൽവച്ച് നടത്തപ്പെടുന്നതാണ്.

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
ഡയറക്ടർ

---

## കരിസ്മാറ്റിക് മൂവ്മെന്റ്

**മദ്ധ്യസ്ഥ പ്രാർത്ഥനാദിനം**

ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 4 തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 3 വരെ ആളൂർ ബി.എൽ.എം ധ്യാനകേന്ദ്രത്തിൽവച്ച് മദ്ധ്യസ്ഥ പ്രാർത്ഥനാദിനം ആചരിക്കുന്നു. വി. ബലി, വചനപ്രഘോഷണം, ആരാധന, ശുശ്രൂഷകൾ ഉണ്ടായിരിക്കുന്നതാണ്. സോൺ, സബ്സോൺ, സർവ്വീസ് ടീമംഗങ്ങൾ പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ പങ്കെടുക്കണെ.

**സർവ്വീസ് ടീം മീറ്റിംഗ്**

ഫെബ്രുവരി 18 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് സർവ്വീസ് ടീം മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. സർവ്വീസ് ടീം അംഗങ്ങൾ പങ്കെടുക്കണം.

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ

## സാൻജോസദൻ

**ഇന്നലെകൾ**

ഡിസംബർ മാസത്തിൽ 25 പേർ ചികിത്സ സ്വീകരിച്ച് ലഹരി വിമുക്ത ജീവിതം നയിക്കുന്നു.

16-12-12ൽ അൽ-അനോൺ മീറ്റിങ്ങും ക്രിസ്തുമസ്സ് ആഘോഷവും നടത്തി. ഏകദേശം 200 പേർ പങ്കെടുത്തു. റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകി. അതിനുശേഷം ഡയറക്ടർ ഫാ. ജോസഫ് ഗോപുരം ക്രിസ്മസ് ഫ്രണ്ടിന് സമ്മാനങ്ങൾ കൈമാറി. കേക്ക് മുറിച്ച് X'mas Celebration ഉദ്ഘാടനം നടത്തി. മോൺ. ജോസ് ഇരിമ്പൻ ക്രിസ്മസ് സന്ദേശം നൽകി. വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. സ്നേഹവിരുന്നിനുശേഷം എല്ലാവരും പിരിഞ്ഞു.

22-12-12ൽ നവചൈതന്യ & സാൻജോസദൻ സ്റ്റാഫ് X'mas Celebration നടത്തി. സമ്മാനങ്ങൾ കൈമാറി. റവ. ഫാ. വർഗ്ഗീസ് പാത്താടൻ ക്രിസ്മസ് സന്ദേശം നൽകി.

**നാളെകൾ**

| | |
|---|---|
| 5 | ക്ലിനിക്കൽ മീറ്റിങ്ങ് |
| 8 | സ്റ്റാഫ് മീറ്റിങ്ങ് |
| 13 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിങ്ങ് |
| 15 | സാൻജോസദൻ പ്രാർത്ഥനാദിനം |
| 17 | എ.എ. + അൽ അനോൺ മീറ്റിങ്ങ് |
| 27 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിങ്ങ് |

**ഫാ. ജോസഫ് ഗോപുരം**
ഡയറക്ടർ

---

## സ്മരണാഞ്ജലി



| | |
|---|---|
| റവ. ഫാ. ജോൺ ചിറയത്ത് | 17-2-1982 |
| റവ. ഫാ. പിയൂസ് തെക്കേക്കര | 04-2-1987 |
| റവ. ഫാ. ജേക്കബ് പുതുശ്ശേരി | 13-2-1994 |
| റവ. ഫാ. ആന്റണി ആലപ്പാട്ട് (Sr.) | 15-2-1994 |

## സെന്റ് പോൾസ് മൈനർ സെമിനാരി

1 ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് അഭിവന്ദ്യ പോളി പിതാവും അഭിവന്ദ്യ ജെയിംസ് പിതാവും ആശംസകളർപ്പിച്ചു. ടി.സി.വി. ടെലിവിഷൻ ചാനൽ വൈദികവിദ്യാർത്ഥികൾ അവതരിപ്പിച്ച കരോൾ ഗാനം സംപ്രേഷണം ചെയ്തു.

2. അർദ്ധവാർഷിക പരീക്ഷ കഴിഞ്ഞ് അവധിക്കുശേഷം ഡിസംബർ 30–ന് വിദ്യാർത്ഥികൾ തിരിച്ചെത്തി.

3. ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സെമിനാരി സന്ദർശിച്ചു.

4 മേജർ സെമിനാരി വിദ്യാർത്ഥികളുടെ സംഗമത്തിൽ അഭിവന്ദ്യ പോളി പിതാവും അഭിവന്ദ്യ ജെയിംസ് പിതാവും സന്ദേശം നൽകി.

5. രൂപതയ്ക്കുവേണ്ടിയും, സന്യാസസമൂഹങ്ങൾക്കുവേണ്ടിയും തിരുപ്പട്ടം സ്വീകരിക്കുന്നതിനുമുമ്പ് ഡീക്കന്മാർ ഏതാനും ദിവസങ്ങൾ സെമിനാരിയിൽ പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചു.

6. അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ പ്രിയ ജ്യേഷ്ഠൻ ശ്രീ. പാവുണ്ണി പഴയാറ്റിലിന്റെ മൃതദേഹസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു പ്രാർത്ഥിച്ചു.

7 മാസധ്യാനം നയിച്ചത് കോട്ടയം മേജർ സെമിനാരിയിലെ റവ. ഡോ. ലാസർ കുറ്റിക്കാടൻ അച്ചനായിരുന്നു.

8 നവവൈദികർ സെമിനാരിയിൽവന്ന് സമൂഹബലിയർപ്പിച്ചു. അഭിവന്ദ്യ ജെയിംസ് പിതാവ് അനുഗ്രഹാശ്ശിസ്സുകളർപ്പിച്ചു.

9. സെമിനാരി ഉൾപ്പെടുന്ന വാർഡുസഭായോഗത്തിൽ സംബന്ധിച്ചു.

10 എസ്.എൻ. ഹയർ സെക്കന്ററി സ്കൂൾ വാർഷികത്തിൽ സംബന്ധിച്ചു.

11. സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ വാർഷികത്തിൽ സംബന്ധിച്ചു.

12 ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ ഇടവകയിലെ ദനഹാത്തിരുന്നാൾ ആഘോഷത്തോടനുബന്ധിച്ചുള്ള തിരുനാൾ കുർബാനയിലും പ്രദക്ഷിണത്തിലും പങ്കെടുത്തു.

### Burse നൽകിയവർ

1 Catechism Unit, Forane Church, Chalakudy

2 Mr. M.A. Thomas, Manicathuparambil (H), Meladoor

3 Mr. K.T. Babu, Kokkadan (H) C/o. Fr. Vicar Our Dolours Church, Thanissery

4. Rev. Fr. Thomas Panjikaran

5 Mr. Thomas Mathews Banglore C/o. Fr. Vicar St. Joseph's Church, Kodakara

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ



# സ്പിരിച്ചാലിറ്റി സെന്റർ

1 **ആരാധന :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 8 മണി മുതൽ വൈകീട്ട് 7.30 വരെ ആരാധനയ്ക്ക് എഴുന്നള്ളിച്ചു വച്ചിരിക്കും.

2 **പ്രേഷിത കൂട്ടായ്മ :** മാസത്തിന്റെ ആദ്യവ്യാഴാഴ്ച ഫെബ്രുവരി 7–ാം തിയ്യതി ഉച്ചതിരിഞ്ഞ് 2 മണിക്ക്

3 **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും :** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 10 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസലിങ്ങ്, ആന്തരികസൗഖ്യ ആരാധന, തൈലാഭിഷേക പ്രാർത്ഥന, ബന്ധനമോചന ശുശ്രൂഷകൾ എന്നിവ നടത്തപ്പെടുന്നു. (കത്തീഡ്രൽ പള്ളിയിൽ വച്ചായിരിക്കും ശുശ്രൂഷകൾ നടത്തപ്പെടുക)

4 **ജെറീക്കോ പ്രാർത്ഥന :** ഫെബ്രുവരി 9–ാം തിയ്യതി ശനിയാഴ്ച വൈകിട്ട് 5 മണിയുടെ കുർബാനയോടെ ആരംഭിക്കുന്നു. രാത്രി 8 മണിയോടെ സമാപിക്കുന്നു.

5 **അഖണ്ഡ ജപമാല :** ഫെബ്രുവരി 24–ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 5 മണി വരെ.

6 ബഹു. സിസ്റ്റേഴ്സിനുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു. ഓരോ കോൺവെന്റിനും ഫെബ്രുവരി മാസത്തിൽ നിശ്ചയിച്ചിരിക്കുന്ന ദിവസം താഴെ ചേർക്കുന്നു.

1 Karunabhavan Convent, Mala
2 S.D. Convent, Parekattukara
4 Maria Bhavan, Irinjalakuda
5 Schoenstatt Sisters of Mary, IJK.
6 Nirmala Sadan, Potta
7 Sisters of Chaipankuzhy
8 Santhome Convent, Ambazhakad
9 Sacred Heart Convent, Pullur
11 Karunya Convent, Pullur
12 Viany Bhavan, Pullur
13 Paulalayam Convent, Vallakunnu
14 Assumption Convent, Velayanadu
15 Our Lady of Mercy, Annamanada

16 Our Lady of Mercy, Vynthala
18 Kristhudas Convent, Velayanad
19 St. Dominic's Convent, Vellani
20 St. Joseph's Convent, Mathilakam
21 St. Paul's Convent, Vellangallur
22 St. Joseph's Convent, Pazhukara
23 Asha Nilayam Convent, Kottanellur
25 Anugraha Bhavan, Koodapuzha
26 Karunalayam Convent, Karanchira
27 Abhaya Bhavan, Porathissery
28 Orsola Convent, Vallapadi

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

---

## തിരുബാലസഖ്യം

1/12/2012 ശനിയാഴ്ച ഉച്ചക്ക് 2 മണിക്ക് ആളൂർ MTC-യിൽ വെച്ച് ഡയറക്ടറച്ചന്റെ സാന്നിധ്യത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ്ങ് കൂടി. Children Army Fest 22–ാം തിയ്യതി നടത്താമെന്ന് ചർച്ച ചെയ്ത് തീരുമാനിച്ചു. 2012 ഡിസംബർ 22–ാം തിയ്യതി രാവിലെ 9.30 മുതൽ ഇരിങ്ങാലക്കുട കത്തീഡ്രൽ പാരിഷ്ഹാളിൽവച്ച് Children Army Fest നടന്നു. രാവിലെ ബഹു. ഫാ. ജോർജ്ജ് തോട്ടാൻ CMI ക്ലാസ്സ് നയിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് കുട്ടികൾക്ക് സന്ദേശം നൽകുകയും പേപ്പൽ സ്കോളർഷിപ്പ് വിതരണം നടത്തുകയും ചെയ്തു. Fest-ൽ രൂപതയിലെ വിവിധ യൂണിറ്റുകളിൽനിന്നും 700 കുട്ടികളും 90 ആനിമേറ്റേഴ്സും പങ്കെടുത്തു. വൈകിട്ട് 3.30–ന് ക്രിസ്മസ് ആഘോഷത്തോടുകൂടി Army Fest സമാപിച്ചു.

NB: 1. Army Fest-ൽ പങ്കെടുക്കുവാൻ കുട്ടികളെ ഒരുക്കിയ ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി.

2. 2013 ഫെബ്രുവരി 12–ന് തിരുബാലസഖ്യദിനമായി ആചരിക്കാൻ എല്ലാവരെയും ഓർമ്മിപ്പിക്കുന്നു.

3. Children Army Fest-ൽ ഫോട്ടോ എടുത്തിട്ടുള്ളവർ ഫെബ്രുവരി 16–ാം തിയ്യതി ശനിയാഴ്ച തിരുബാലസഖ്യ ഓഫീസിൽനിന്നും ഫോട്ടോ വാങ്ങുവാൻ താല്പര്യപ്പെടുന്നു.

**ഫാ. മനോജ് മേക്കാടത്ത്**
ഡയറക്ടർ

## ഇടയന്റെ നാളുകൾ

**ഫെബ്രുവരി 2013**

| | | |
|---|---|---|
| 1 | 6.30 am | ആനന്ദപുരം സാൻജോസദൻ |
| 2 | 10.00 am | ചാലക്കുടി SH. കോളേജ് |
| | 12.30 pm | ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ് |
| 3 | | ചെന്നൈ |
| 4 | | ചെന്നൈ |
| 5 | | സന്ദർശകദിനം |
| 6 | 6.30 am | ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ് |
| | 10.00 am | പോട്ട ധ്യാനകേന്ദ്രം |
| | 11.00 am | ചാലക്കുടി സെന്റ് ആശുപത്രി |
| 7 | 2.00 pm | കരാഞ്ചിറ ഹോസ്പിറ്റൽ |
| | 5.00 pm | എലിഞ്ഞിപ്ര സ്കൂൾ |
| 8 | | പ്രാർത്ഥനാദിനം |
| 9 | 8.30 am | ഇരിങ്ങാലക്കുട ഡോൺബോസ്കോ സ്കൂൾ |
| | 3.00 pm | കോതമംഗലം |
| 10 | 12.05 pm | കാട്ടൂർ പള്ളി |
| | 5.30 pm | വെള്ളാരംപാടം കപ്പൂച്ചിൻ ആശ്രമം |
| 11 | 6.00 am | ഇരിങ്ങാലക്കുട കത്തീഡ്രൽ |
| 12 | | സന്ദർശകദിനം |
| 13 | 3.00 pm | വല്ലക്കുന്ന് സ്നേഹോദയ നഴ്സിംഗ് സ്കൂൾ |
| 14 | 7.15 am | ഇരിങ്ങാലക്കുട കത്തീഡ്രൽ |
| 15 | 6.45 am | ആളൂർ നവചൈതന്യ |
| | 4.30 pm | പാലക്കാട് മേഴ്സി കോളേജ് |
| 16 | 10.00 am | കോട്ടയ്ക്കൽ ആശ്രമം |
| | 5.30 pm | ഇരിങ്ങാലക്കുട പ്രതീക്ഷാഭവൻ |
| 17 | 3.00 pm | കരാഞ്ചിറ കോൺവെന്റ് |
| | 6.00 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ |
| 18 | | ഇരിങ്ങാലക്കുട |
| 19 | | സന്ദർശകദിനം |
| 20 | | ഇരിങ്ങാലക്കുട |
| 21–24 | | യൂത്ത് അസംബ്ലി |
| 25 | | ഇരിങ്ങാലക്കുട |
| 26 | | സന്ദർശകദിനം |
| 27 | 10.00 am | കല്ലേറ്റുംകര പാക്സ് |
| | 3.30 pm | സൗത്ത് താണിശ്ശേരി പള്ളി |
| 28 | 10.00 am | ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ് |
| | 5.00 pm | പരിയാരം ആശ്രയ ഭവൻ |

## ഇടയന്റെ ഇന്നലെകൾ

**ജനുവരി 2013**

| | | |
|---|---|---|
| 01 | 9 am | പുത്തൻചിറ ഫൊറോന ദേവാലയത്തിൽ ഡീക്കൻ ജോസഫ് മാളിയേക്കലിന് തിരുപ്പട്ടം നൽകി. |
| | 3.00 pm | റീജൻസി ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി. |
| | 5.30 pm | രൂപതയുടെ ഫിനാൻസ് കമ്മറ്റി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| 02 | 9.00 am | തച്ചൂടപറമ്പ് ഇടവക ദേവാലയത്തിൽ ഡീക്കൻ ലിന്റോ തച്ചുപറമ്പിൽ MSJ-ക്ക് തിരുപ്പട്ടം നൽകി. |
| | 4.00 pm | കാരോട്ടുകര സെന്റ് ആന്റണീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| 03 | 10.00 am | രൂപതയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. |
| | 1.30 pm | ഇരിങ്ങാലക്കുട രൂപത വൈദികരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു; നവവൈദികർക്ക് സ്വീകരണം നൽകി. |
| | 5.00 pm | ഇരിങ്ങാലക്കുട ക്രൈസ്റ്റ് വിദ്യാനികേതനിൽ കുടുംബസംഗമത്തിൽ പങ്കെടുത്തു. |
| | 7.00 pm | തുമ്പരശ്ശേരി ഇടവക പള്ളിയിൽ ഇടവക ദിനാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| 04 | 2.30 pm | പുതുക്കി പണിത സ്നേഹഗിരി തിരുഹൃദയ ഇടവക ദേവാലയം ആശീർവ്വദിച്ചു. |
| 05 | 9.00 am | കോട്ടയ്ക്കൽ സെന്റ് തെരേസാസ് ഇടവക ദേവാലയത്തിൽ ഡീക്കൻ സ്റ്റീഫൻ മാളിയേക്കൽ CM-ന് തിരുപ്പട്ടം നൽകി. |
| | 2.00 pm | മുപ്ലിയം വിമൽജ്യോതി സെൻട്രൽ സ്കൂൾ ദശവൽസരാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| 06 | 8.15 am | പുല്ലൂർ സെന്റ് സേവിയേഴ്സ് ഇടവകയിൽ വികാരി റവ. ഫാ. ജോസ് ചിറ്റിലപ്പിള്ളി CMI-യുടെ സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. |
| | 10.00 am | കത്തീഡ്രൽ ഇടവക ദേവാലയത്തിൽ ദനഹാതിരുനാളിനോടനുബന്ധിച്ച് പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. |
| | 3.00 pm | കുഴിക്കാട്ടുശ്ശേരി ഇടവക ദേവാലയത്തിൽ വി. ബലി അർപ്പിച്ചു; പുതിയ കാര്യാലയം വെഞ്ചരിച്ചു; പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |

07–11 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സഭയിലെ ബിഷപ്പുമാരുടെ സിനഡിൽ പങ്കെടുത്തു.

12 10.00 am ഇരിങ്ങാലക്കുട ഡോൺബോസ്കോ സ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

2.00 pm യുവജനവർഷത്തിന്റെ കമ്മറ്റി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

5.00 pm പഴൂക്കര സെന്റ് ജോസഫ് കോൺവെന്റ് സ്കൂൾ വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

6.30 pm പുത്തൻചിറ ഫൊറോന ഇടവകയിൽ മോൺ. സ്റ്റീഫൻ ചിറപ്പണത്തിന് നൽകിയ അനുമോദന മീറ്റിംഗിൽ പങ്കെടുത്തു.

7.30 pm കൊടകര സഹൃദയ എൻജി. കോളേജിൽ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

13 7.30 am തുരുത്തിപറമ്പ് വരപ്രസാദനാഥ ഇടവകയിൽ വി. ബലി അർപ്പിച്ചു; ഫാ. ജോബ് മെമ്മോറിയൽ മ്യൂസിയം വിശ്വാസികൾക്കായി തുറന്നുകൊടുത്തു.

4.30 pm മുരിങ്ങൂർ ഇടവക ദേവാലയത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

14 9.00 am കല്ലേറ്റുംകരയിൽ ഫെഡറൽ ബാങ്കിന്റെ നവീകരിച്ച കെട്ടിടം ഉദ്ഘാടനം ചെയ്തു.

10.30 am പോട്ട ഇടവക ദേവാലയത്തിൽ റവ. സി. ലിൻസി കോക്കാട്ടിന്റെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു.

15 6.30 am കല്ലേറ്റുംകര പാക്സിൽ വി. ബലി അർപ്പിച്ചു.

8.30 am സന്ദർശകരെ സ്വീകരിച്ചു.

3.00 pm ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

5.30 pm ഇരിങ്ങാലക്കുട ഡോൺബോസ്കോ സ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

16 6.30 am രൂപതയിലെ നവവൈദികരോടൊപ്പം വി. ബലി അർപ്പിച്ചു.

10.00 am കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് ഹൈസ്കൂൾ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

| | | |
|---|---|---|
| | 11.30 am | പൂവ്വത്തുശ്ശേരിയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 2.00 pm | രൂപതയിലെ 7 നവവൈദികരുമായി കൂടിക്കാഴ്ച നടത്തി. |
| | 5.30 pm | മുരിയാട് ഇടവക ദേവാലയത്തിൽ വി. ബലി അർപ്പിച്ചു; സെന്റ് ആന്റണീസ് കപ്പേള വെഞ്ചരിച്ചു. |
| 17 | 2.30 pm | ആലോചനാസമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു. |
| | 5.30 pm | ആലമറ്റം ഇടവക ദേവാലയത്തിൽ വി. ബലി അർപ്പിച്ചു; പുതിയ കപ്പേള വെഞ്ചരിച്ചു. |
| 18 | 6.45 am | ആളൂർ നവചൈതന്യയിൽ വി. ബലി അർപ്പിച്ചു. |
| | 9.30 am | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| | 3.30 pm | ചായ്പൻകുഴിയിൽ റവ. ഫാ. പോൾ പയ്യപ്പിള്ളിയുടെ മാതാവിന്റെ മൃതദേഹസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 6.30 pm | ഇരിങ്ങാലക്കുട സ്പിരിച്വാലിറ്റി സെന്ററിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 19 | 10.30 am | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ റവ. സി. ഹ്യുമിലിറ്റസ് FCC-യുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു. |
| | 4.00 pm | പാറക്കടവ് ലാസലറ്റ് ഭവനിൽ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 20 | 10.00 am | മാരാംകോട് സെന്റ് ജോസഫ്സ് ഇടവകയിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിന് പൊന്തിഫിക്കൽ വി. കുർബാന അർപ്പിച്ചു; പുതിയ മണിമാളിക വെഞ്ചരിച്ചു. |
| | 4.00 pm | എലിഞ്ഞിപ്ര ബെത്‌ലഹേം ആശ്രമത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 21 | 9.30 am | രൂപതാതിർത്തിയിലെ സന്യസ്ത പ്രൊവിൻഷ്യാൾമാരുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 3.00 pm | രൂപത കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളുടെ മാനേജർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| 22 | 8.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | കരുവന്നൂർ സെന്റ് ജോസഫ്സ് സ്കൂൾ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. |
| 23 | 2.00 pm | ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിൽ പുതിയ ബാച്ചിന്റെ ലാംബ് ലൈറ്റിംഗ് നടത്തി. |

| | | |
|---|---|---|
| | 5.30 pm | ആനന്ദപുരം സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| | 7.30 pm | കുണ്ടൂർ ഇടവകയിൽ മതബോധന ഹാൾ വെഞ്ചരിച്ചു |
| 24 | 1.30 pm | കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| | 2.30 pm | സെന്റ് ജെയിംസ് മെഡിക്കൽ അക്കാദമിയുടെ ദശവത്സരാഘോഷത്തിൽ പങ്കെടുത്തു. |
| | 5.30 pm | നോർത്ത് ചാലക്കുടി ഇടവകയിലെ മതബോധനദിനാഘോഷത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു; പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 25 | 8.00 am | വാടച്ചിറ ഇടവക ദേവാലയത്തിൽ വി. ബലി അർപ്പിച്ചു. |
| | 10.30 am | വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തു. |
| | 5.30 pm | ഫോർമേഷൻ കൗൺസിൽ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| 26 | 6.30 am | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ 13 മണിക്കൂർ ആരാധനയുടെ ആരംഭകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 10.00 am | പോട്ട ഇടവക ദേവാലയത്തിൽ വി. ബലി അർപ്പിച്ചു. |
| | 6.00 pm | ഇരിങ്ങാലക്കുടയിൽ 'തനിമ' സാംസ്കാരിക ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 27 | | ചെന്നൈയിൽ മദ്രാസ്-മൈലാപ്പൂർ അതിരൂപതയുടെ പുതിയ അധ്യക്ഷനായ ബിഷപ്പ് അന്തോണി സ്വാമിയുടെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു. |
| 28 | 3.00 pm | ബ്ലസ് എ ഹോം പദ്ധതിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 29 | 8.30 am | സന്ദർശകരെ സ്വീകരിച്ചു. |
| 30 | 5.00 pm | ആനത്തടം സെന്റ് ആൻസ് സ്കൂൾ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| 31 | 10.00 am | അഷ്ടമിച്ചിറ ഗാന്ധിസ്മാരക സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 2.30 pm | കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ ഹോസ്പിറ്റലിൽ നഴ്സിംഗ് വിദ്യാർത്ഥിനികളുടെ ലാബ്ലൈറ്റിംഗ് കർമ്മത്തിൽ പങ്കെടുത്തു. |
| | 5.30 pm | പറപ്പൂക്കര സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു. |